# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP1/1738/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP1/1738/2023 തീയ്യതി: 23/12/2023

## തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സിന്ധുലാബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിതാബാബു .ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെ.ലോറൻസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ സ്റ്റീഫൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സോണിയ.വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജെന്നിഫർ നിക്സൺ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി.കെ.നായർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-02-2023 |
| ശ്രീമതി സിന്ധു.റ്റി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-02-2023 | 31-03-2023 |
| ശ്രീമതി അനുഷ | വി.ഇ.ഒ (എ) സർക്കിൾ | 01-04-2022 | 21-11-2022 |
| ശ്രീ.രഞ്ചു രവീന്ദ്രൻ | വി.ഇ.ഒ (എ) സർക്കിൾ | 22-11-2022 | 31-03-2023 |
| ശ്രീമതി ചിഞ്ചു | വി.ഇ.ഒ (ബി) സർക്കിൾ | 01-04-2022 | 30-09-2022 |
| ശ്രീമതി രമ്യ.ആർ.എസ് | കൃഷി ഓഫീസർ | 01-04-2022 | 27-10-2022 |
| ശ്രീ.നിബിൻ.പി.ഒ | കൃഷി ഓഫീസർ | 28-10-2022 | 31-03-2023 |
| ശ്രീ.സുരേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.മിനി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.മിനി.എസ് | മെഡിക്കൽ ഓഫീസർ, CHC പൂവാർ | 01-04-2022 | 31-03-2023 |
| ഡോ.പ്രസന്നകുമാർ.പി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുഷ | വി.ഇ.ഒ (എ) സർക്കിൾ | 01-04-2022 | 21-11-2022 |
| ശ്രീ.രഞ്ചു രവീന്ദ്രൻ | വി.ഇ.ഒ (എ) സർക്കിൾ | 22-11-2022 | 22-02-2023 |
| ശ്രീ. അരുൺ വിഷ്ണു .ബി | വി.ഇ.ഒ (എ) സർക്കിൾ | 23-02-2023 | 31-03-2023 |
| ഡോ.ഫെമിന .കെ.ഐ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 08-04-2022 |
| ഡോ.ബിന്ദു ജോൺ പുൽപറമ്പിൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല | 1-1-5 |
| 7 | നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയാറാക്കിയിട്ടില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബാങ്ക് അക്കൗണ്ടിന് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | ആർ.പി 40ബി യിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-15 |
| 17 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ജേണൽ വൌച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-18 |
| 20 | ദുരിതാശ്വാസ നിധി അക്കൗണ്ട്- ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുകളില്ല | 1-1-19 |
| 21 | പാർട്ട് ബിൽ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിംഗിലെ അപാകം | 1-1-21 |
| 23 | എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-22 |
| 24 | വായ്പ തിരിച്ചടവ് സംബന്ധിച്ച ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-23 |
| 25 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-1-24 |
| 26 | Festival Advance - നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-1-25 |
| 27 | വരവുകൾ യഥാസമയം കണക്കിലെടുക്കുന്നില്ല | 1-1-26 |
| 28 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-27 |

| | | |
|---|---|---|
| 29 | ബാങ്ക് ബുക്കിലെയും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-28 |
| 30 | തൊഴിലുറപ്പ് പദ്ധതി കണക്കുകളിലെ അപാകതകൾ | 1-1-29 |
| 31 | വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. | 1-1-30 |
| 32 | ബജറ്റ് | 1-2 |
| 33 | സാമ്പത്തിക വിശകലനം | 1-3 |
| 34 | ഗ്രാന്റ് വിനിയോഗം | 1-4 |
| 35 | പദ്ധതി അവലോകനം | 1-5 |
| 36 | ക്ഷേമപദ്ധതികൾ | 1-6 |
| 37 | സാമൂഹ്യസുരക്ഷാപെൻഷൻ– മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. | 1-6-1 |
| 38 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 39 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 40 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 41 | തൊഴിലുറപ്പ് പദ്ധതിയിൽ ഫലവൃക്ഷത്തൈ പരിപാലനം - അപാകങ്ങൾ | 1-9-1 |
| 42 | MGNREGS- ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിക്കുന്നു. | 1-9-2 |
| 43 | മെറ്റീരിയൽ പ്രവർത്തികൾ -ബില്ലുകൾ സൂക്ഷിക്കുന്നില്ല | 1-9-3 |
| 44 | വസ്തുനി നികുതി കുടിശ്ശിക-വ്യത്യാസം പരിഹരിക്കേണ്ടതാണ്. | 1-10 |
| 45 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കണം. | 1-10-1 |
| 46 | ഒറ്റതവണ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു. | 1-10-2 |
| 47 | കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-10-3 |
| 48 | കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പുന:പരിശോധിക്കണം | 1-10-4 |
| 49 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-11 |
| 50 | ഭരണസമിതി യോഗമിനിട്സ്കുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല | 1-12 |
| 51 | ക്രമവിരുദ്ധമായി മുൻകൂർനൽകി-40000/-രൂപ നിരാകരിക്കുന്നു. | 1-13 |
| 52 | ദുരിതാശ്വാസ നിധി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-14 |
| 53 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 426401/-രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 54 | ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും ഓവർഹെഡ് ചാർജ് കുറവ് വരുത്തിയില്ല. | 1-16 |
| 55 | ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കോൺട്രാക്ടറെ ഒഴിവാക്കിയതുമൂലം അധികം തുക നല്കേണ്ടി വന്നത്-പഞ്ചായത്തിന് അധിക ബാധ്യത | 1-17 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 57 | അജൈവ മാലിന്യ സംസ്കരണം -ഹരിതകർമസേനയുടെ പ്രവർത്തനാവലോകനം | 1-19 |
| 58 | ലാപ്ടോപ്പ് വാങ്ങൽ– 2% GST സ്രോതസ്സിൽ നിന്നും ഈടാക്കിയില്ല | 1-20 |
| 59 | ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല | 1-21 |
| 60 | മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ലാപ് ടോപ് വിതരണം - TDS ഈടാക്കാതെ തുക നൽകി | 1-22 |
| 61 | ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം - സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടപ്പിലാക്കി | 1-23 |
| 62 | പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 63 | മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ | 1-25 |
| 64 | ഹോംകോയിൽ നിന്നും 415136/- രൂപയുടെ ഹോമിയോ മെഡിസിൻ ലഭ്യമാകാനവശേഷിക്കുന്നു. | 1-26 |
| 65 | പൊതു ടാപ്പുകളുടെ വെള്ളക്കരം - അടവാക്കിയ തുക ഡിമാന്റിൽ കുറവു വരുത്തിയിട്ടില്ല. | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്രമവിരുദ്ധമായി മുൻകൂർ നൽകി - 40000/- രൂപ നിരാകരിക്കുന്നു.പരിപാലനത്തിന്റെ ചെലവുവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 ലെ 11(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൂവാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

ഉദാ- 1. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് B1 ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ AIMS മുഖേന സമർപ്പിച്ചിട്ടില്ല. Abstract Of Balance Sheet Schedule മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-5393532.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-544534) പൊരുത്തപ്പെടുന്നില്ല. കൂടാതെ പ്രസ്തുത തുകകൾ രണ്ടും നെഗറ്റീവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Cash Flow Statment സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ആയി വരുന്ന റിപ്പോർട്ട് ആണെന്നും ആയതിന്റെ ആധികാരികത വ്യക്തമല്ലായെന്നും മറുപടി ലഭ്യമാക്കി.

**1-1-4 ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.**

എ) ഹെൽത്ത് ഗ്രാന്റിന്റെ ആവശ്യത്തിലേയ്ക്കായി ആരംഭിച്ചിട്ടുള്ള അക്കൌണ്ട് (അക്കൗണ്ട് നം. 110043056588, ആരംഭിച്ച തീയതി 23.03.2022, ധനകാര്യ ഇടപാടുകളില്ല).

ബി) വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൗണ്ട് (അക്കൗണ്ട് നം 110055401949 , ആരംഭിച്ച തീയതി 27.06.2022, ധനകാര്യ ഇടപാടുകളില്ല).

സി) MGNREGS പേയ്മെന്റുകളിലെ ടാക്സ് മുതലായ ഡിഡക്ഷനുകൾ ക്രഡിറ്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യിൽ ആരംഭിച്ച ഹോൾഡിംഗ് അക്കൗണ്ട് (അക്കൗണ്ട് നം. 41571490872, ആരംഭിച്ച തീയതി 07.01.2023 , ധനകാര്യഇടപാടുകളില്ല).

**1-1-5 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല**

തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. എസ് ബി ഐ 57048217100) മാർച്ച് 2023 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Credited എന്നയിനത്തിൽ കാലാവധികഴിഞ്ഞ 27319/- രൂപയുടെ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ആയത് ഏതിനത്തിൽ ലഭ്യമായ തുകകളാണെന്നും തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുൻസാമ്പത്തിക വർഷങ്ങളിലേതുൾപ്പെടെയുള്ള തുകകളാണ് ഇപ്രകാരം ക്രമീകരിക്കാതെ നിലനിർത്തിയിരിക്കുന്നത്.

**1-1-6 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.**

തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. എസ് ബി ഐ 57048217100) മാർച്ച് 2023 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 11924/- രൂപയുടെ 16 ചെക്കുകൾ Cheques Issued But Not Presented To Bank എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയത് Stale Cheque എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയാറാക്കിയിട്ടില്ല.**

ILGMS ൽ SBI ലിറ്ററസി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ആർ പി 40 ബി പ്രകാരം നീക്കിയിരിപ്പ് 4290/-ഉം ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 3124/- ഉം ആണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

**1-1-8 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി , വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). ഓഡിറ്റിന് ഹാജരാക്കിയ സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ ഇപ്രകാരം സൂക്ഷിക്കുന്നില്ല. ILGMS ൽ നിന്നും പ്രസ്തുത രജിസ്റ്ററുകൾ ലഭ്യമാണെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകകളും പൊരുത്തപ്പെടുന്നില്ല**

(എ) ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷഡിമാന്റ് ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് |
|---|---|
| ധനകാര്യപത്രിക പ്രകാരം | 140000 |
| രജിസ്റ്റർ പ്രകാരം | 139000 |

(ബി) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റ്, കളക്ഷൻ എന്നിവ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|

| | ജീവനക്കാർ | സ്ഥാപനങ്ങൾ | ജീവനക്കാർ | സ്ഥാപനങ്ങൾ |
|---|---|---|---|---|
| ധനകാര്യപത്രിക പ്രകാരം | 1662431 | 80900 | 1628681 | 55900 |
| രജിസ്റ്റർ പ്രകാരം | 1628881 | 25000 | 1628681 | 25000 |

### 1-1-10 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-11 ബാങ്ക് അക്കൗണ്ടിന് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

Nationalised Bank Account Of Own Revenue Fund (അക്കൗണ്ട് നം. ലഭ്യമല്ല) ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസാണ് (-962) രേഖപ്പെടുത്തിയിരിക്കുന്നത്.

Software ൽ തെറ്റായി ക്രിയേറ്റ് ആയി വരുന്ന ബാങ്കാണെന്നും അത് ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പഞ്ചായത്തിന്റെ ആസ്തി ശീർഷകത്തിൽ ഇപ്രകാരം അപാകതകൾ സംഭവിക്കുന്നത് ഗൗരവമായി കാണുന്നു.

### 1-1-12 ആർ.പി 40ബി യിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| അക്കൌണ്ട് നം | നീക്കിയിരിപ്പ് (ആർ പി 40 Bപ്രകാരം ) |
|---|---|
| സബ് ട്രഷറി നെയ്യാറ്റിൻകര (702021400000007) | 8377 |
| Nationalised Bank Accout Of Own Revenue Fund | -962 |
| Nationalised Bank Accout Of Own Revenue Fund(1) | 49854 |

### 1-1-13 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-14 Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201346/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201347/31.03.2023 |
| 110200101 | Profession Tax - Professional | 42201355/31.03.2023 |

### 1-1-15 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്), വികസനഫണ്ട് (ജനറൽ), ലൈബ്രറി ഗ്രാന്റ് എന്നീ ശീർഷകങ്ങളിൽ ആസ്തി നിർമാണത്തിനായി ലഭ്യമായ തുക മാത്രമേ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളൂ. ഹെൽത്ത് ഗ്രാന്റ്, തനത് ഫണ്ട്, ധനകാര്യകമ്മിഷൻ ഗ്രാന്റ് എന്നീഫണ്ടുകൾ പ്രകാരം ആസ്തി നിർമാണത്തിനായി ചെലവഴിച്ച തുക പ്രസ്തുത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നം. | നിർവഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|---|
| 230/23 | സെക്രട്ടറി | ധനകാര്യകമ്മിഷൻ ഗ്രാന്റ് | 60487 |

| | | | |
|---|---|---|---|
| 63/23 | സെക്രട്ടറി | | 74948 |
| 2/33 | സെക്രട്ടറി | | 183000 |
| 1/33 | സെക്രട്ടറി | | 195906 |
| 237/23 | മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | ഹെൽത്ത് ഗ്രാന്റ് | 267284 |

തനത് ഫണ്ടിൽ നിന്നും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മാറ്റുന്നതിന് ഒരു പ്രത്യേക ഹെഡ് ഇല്ലാത്തതിനാൽ ചെയ്യാറില്ല എന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി അക്കൌണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അപാകത പരിഹരിക്കുന്നതിന് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-16 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

ഹെൽത്ത് ഗ്രാന്റിനത്തിൽ രണ്ട് അക്കൗണ്ടുകളിലായി 499632.09/- രൂപ ലഭ്യമായിട്ടുണ്ട് (കാനറാബാങ്ക് പി.എഫ്.എം.എസ്, അക്കൗണ്ട് നം. 110043060453 Rs. 321711/-, 110043057168 Rs. 177921/-)

ബാലൻസ് ഷീറ്റ് ബി 17 ഷെഡ്യൂൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഹെൽത്ത് ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് 2,32,348/- രൂപയാണ്. എന്നാൽ ആയത് ബി4ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

Other Revenue Grants എന്ന Income Head ൽ തെറ്റായി വരവ് എടുത്തത് കൊണ്ടാണ് ബി 4 ൽ ഉൾപ്പെടാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-1-17 ജേണൽ വൌച്ചറുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

എ) 320300199 ഗ്രാന്റ്സ്/ ഫണ്ട്സ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ്- അദർ ഗവ. ഏജൻസീസ് എന്ന ശീർഷകത്തിലെ ഇടപാടുകളുടെ വിവരങ്ങൾ ലെഡ്ജർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | ജേണൽ വൗച്ചർ നം., തീയതി |
|---|---|---|---|---|
| 3389222 | 1200000 | 2270070 | 2319152 | Rs. 785035/- (പേയ്മെന്റ് വൗച്ചർ നം. 22200046 Dated 11.05.2022 അഗതി രഹിത കേരളം രണ്ടാം ഗഡു)<br>Rs. 14,85,035/- (ജേണൽ വൗച്ചർ നം 42201343 Rs. 31.03.2023 ) |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ജേണൽ വൗച്ചറിന്റെ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രേഖകൾ ILGMS ൽ ലഭ്യമല്ല.

ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-18 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ഉദാ- തൊഴിൽ നികുതി രജിസ്റ്റർ

## 1-1-19 ദുരിതാശ്വാസ നിധി അക്കൗണ്ട്- ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുകളില്ല

Panchayat Distress Relief Fund എന്നയിനത്തിൽ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് (B2) പ്രകാരം 2,619/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിരിക്കുന്നു (മുന്നിരിപ്പില്ല). എന്നാൽ ആയതിന്റെ വിവരങ്ങൾ ബി 17 ഷെഡ്യൂളിലോ, ആർ പി 40 ബി പത്രികയിലോ ഉൾക്കൊള്ളിച്ചിട്ടില്ല.

ദുരിതാശ്വാസ നിധി രൂപീകരണത്തിനായി ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നുവെന്നും (കാനറാ ബാങ്ക് അക്കൌണ്ട് നം. 1700101028026) ഈ അക്കൗണ്ടിൽ യാതൊരുവിധ സാമ്പത്തിക ഇടപാടുകളും നടന്നിട്ടില്ലായെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (നം. 42/20.11.2023) പാസ് ബുക്കിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയത്. ലെഡ്ജർ പരിശോധിച്ചതിൽ Unemployment Allowance MGNREGS 2021/22 എന്ന് Narration രേഖപ്പെടുത്തിയ 2619/- രൂപയാണ് ബി-2 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുള്ളത്. ടി തുക Distress Relief Fund -ന്റെ ഹെഡിൽ നിന്നും ജേണൽ എൻട്രി മുഖേന ക്രമീകരിക്കേണ്ടതാണ്.

## 1-1-20 പാർട്ട് ബിൽ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം ആസ്തി നിർമാണത്തിനായി 2022-23 വർഷം ഭാഗികമായി നൽകിയ തുക 134725/- (CFC Fund, പ്രോജക്ടിന്റെ പേര് - തെറ്റിക്കാട് കലുങ്ക് കുളം സുന്ദരികുളം സൈഡ് വാൾ പ്രൊട്ടക്ഷൻ, 36/23) ആണ്. എന്നാൽ ധനകാര്യപത്രിക പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-21 സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിംഗിലെ അപാകം

സംയുക്ത പ്രോജക്ടുകൾക്കായുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വരവ്, ചെലവ് വിശദാംശങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ , സുലേഖ പ്രകാരമുള്ള ചെലവ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് (2021-22, B-4 ഷെഡ്യൂൾ) | വരവ് | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം ) | നീക്കിയിരിപ്പ് (2022-23, B-4 ഷെഡ്യൂൾ) | നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 3-4 | |
| ബ്ലോക്ക് പഞ്ചായത്ത് | 108300 | 725125 | 833425 | 725125 | 68300 | 18300 | 50000 |
| ജില്ലാ പഞ്ചായത്ത് | 321759 | 1414500 | 1736259 | 1236125 | 143384 | 500134 | -356750 |

## 1-1-22 എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ചെലവ് | | വ്യത്യാസം |
|---|---|---|---|
| | എ.സി.ആർ + Source Deduction | സുലേഖ | |
| വികസനഫണ്ട് ജനറൽ | 12219055 + 3341524 | 15487600 | 72979 |
| വികസനഫണ്ട് (എസ്.സി.പി) | 7088201 | 7797159 | -708958 |

വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-1-23 വായ്പ തിരിച്ചടവ് സംബന്ധിച്ച ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|
| Secured Loan From Co Op Banks | 211515 | 0 | 0 | 0 |

Secured Loan From Co Op Banks എന്നയിനത്തിലെ തുക Prior Period Incomes എന്ന ശീർഷകത്തിലുൾപ്പെടുത്തി ജേണൽ വൌച്ചറുകൾ മുഖേന ക്രമീകരിച്ച് നീക്കിയിരിപ്പ് പൂജ്യം ആയി രേഖപ്പെടുത്തിയിരിക്കുന്നു. വായ്പയുമായി ബന്ധപ്പെട്ട രജിസ്റ്റർ, നീക്കിയിരിപ്പ് പൂജ്യം ആയി രേഖപ്പെടുത്താനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

നിലവിൽ ഇ.എം.എസ് ലോണിനത്തിൽ തുക അടവാക്കാനില്ലായെന്നും പഞ്ചായത്ത് രേഖ പ്രകാരം 20.05.2016 ൽ മുതൽ തുക മുഴുവൻ അടവാക്കിയിരുന്നുവെന്നും ആയതിനാലാണ് ടി തുക ജേണൽ വൌച്ചർ മുഖേന ക്രമീകരിച്ച് പൂജ്യം ആക്കിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19ലും ലോണിനത്തിലെ അടവിലെ അപാകത

സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നു.

### 1-1-24 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധയിനങ്ങളിലെ ഡെപ്പോസിറ്റുകളിൽ (ഉദാ- Suppliers Security Deposit, Auction Deposit Etd) മൂന്ന് വർഷത്തിലധികം കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ കാലികമല്ലാത്തതിനാലും, സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും കൃത്യമായ തുക കണ്ടെത്തുവാൻ സാധിച്ചില്ല. തുക കണക്കാക്കി തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-25 Festival Advance - നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

Festival Advance ഇനത്തിൽ 2022-23 വർഷം കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന 16,000/- രൂപ ആരിൽ നിന്നും ലഭിക്കാനുള്ളതാണെന്നും യഥാസമയം ആയത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

### 1-1-26 വരവുകൾ യഥാസമയം കണക്കിലെടുക്കുന്നില്ല

എസ്.ബി. ഐ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 15,000/- രൂപ 28.05.2022 -ന് ലഭ്യമായിട്ടുണ്ട് (വരവ്). എന്നാൽ ആയത് ബന്ധപ്പെട്ട ബാങ്ക് ബുക്കിൽ ബുക്ക് ചെയ്തിരിക്കുന്നത് 31.03.2023 ൽ മാത്രമാണ് (ഫെസ്റ്റിവൽ അഡ്വാൻസ് രസീത് വൗച്ചർ നം. 1220000214/31.03.2023).

### 1-1-27 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്ററിൽ 2022-23 വർഷം സൃഷ്ടിച്ച വിവിധ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-28 ബാങ്ക് ബുക്കിലെയും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

എസ്.ബി.ഐ. തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്ക് ബുക്ക് പ്രകാരം വരവ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|
| 31.03.2023 | 3138059 | 56322 |
| 02.04.2022 | 0 | 379865 |

### 1-1-29 തൊഴിലുറപ്പ് പദ്ധതി കണക്കുകളിലെ അപാകതകൾ

(എ) MGNREGS ന്റെ I-14 -F, I-14-C എന്നിവയുടെ ആകെ തുക (200+42407378), I-6 പ്രകാരമുള്ള വരവുമായി (41479987) പൊരുത്തപ്പെടുന്നില്ല.

(ബി) MGNREGS ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ധനകാര്യപത്രിക പ്രകാരം (I 14 C പ്രകാരം ) | EFMS സ്റ്റേറ്റ്മെന്റ് പ്രകാരം/തനത് ഫണ്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 42407378 | 41479987 |

### 1-1-30 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ (14,48,77,792/-) കൂടുതൽ ചെലവ് (15,59,51,764/-) ബുക്ക് ചെയ്തിരിക്കുന്നു.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 17.03.2022 | 20.03.2023 |
| ഭരണസമിതി തീരുമാനം നം. | 2(1) | 2(2) |
| മുന്നിരിപ്പ് | 25220797 | 106179112 |
| പ്രതീക്ഷിത വരവ് | 157325000 | 98303849 |
| പ്രതീക്ഷിത ചെലവ് | 179123000 | 197590770 |
| നീക്കിയിരിപ്പ് | 34,22,797 | 68,92,191 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ" അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ 15 ന് മുൻപ് | 07.12.2021 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം 3(1) |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2022 ജനുവരി 15 ന് മുൻപ് | സമർപ്പിച്ചിട്ടുണ്ട്. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനുവരി 22 ന മുൻപ് | എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൈാപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1 ന് മുൻപ് | ഫെബ്രുവരി 25 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | ലഭ്യമാക്കിയിട്ടില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 14/03/23 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 16/03/2023 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 17/03/23 |

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ബജറ്റിൽ വകയിരുത്തലും ചെലവും</u>

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത്

രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. റിവൈസ്ഡ് ബജറ്റ് തയാറാക്കിയിട്ടുണ്ടെങ്കിലും ബജറ്റിലെയും ധനകാര്യപത്രികയിലെയും, ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുത്തിയപ്പോൾ ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചതായും, വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2201101 | ഓഫീസ് ചെലവുകൾ | 100000 | 398973 |
| 2201201 | വാർത്താവിനിമയ ചെലവുകൾ | 50000 | 136670 |
| 2204001 | ഇൻഷുറൻസ് രജിസ്ട്രേഷൻ | 60000 | 815191 |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ചു വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയാറാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വരും വർഷങ്ങളിൽ ബജറ്റ് നിയന്ത്രണം കർശനമായി പാലിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/14.11.2023 ) മറുപടി ലഭ്യമാക്കി.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 21111858 |
| ഓഡിറ്റ് വർഷത്തെ വരവ് | 38315270 |
| ആകെ | 59427128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38859804 |
| നീക്കിയിരിപ്പ് | 20567324 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 14,48,77,792/- രൂപയും ചെലവ് 15,59,51,764 /- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13412246 | 13412246 | 15487600 | -2075354 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7931042 | 7931042 | 7797159 | 133883 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6456782 | 6456782 | 4576912 | 1879870 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3423630 | 3423630 | 3097326 | 326304 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10282000 | 10282000 | 8421605 | 1860395 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5798000 | 5798000 | 5478811 | 319189 |
| CSS | 0 | 0 | 0 | 2003157 | -2003157 |
| SSS | 0 | 0 | 0 | 800000 | -800000 |

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2027524 |

| | | |
|---|---|---|
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1314000 |
| വികസന ഫണ്ട്-ജനറൽ | 1% കുറവു വരുത്തിയ തുക | 169230 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 708958 |

2) ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന.,24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു. 2022-23 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 68300 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700205 | 143384 | ജില്ലാപഞ്ചായത്ത് |

4) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

5) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി 77494/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത് (പ്രോജക്ട് നം. 200/23) പദ്ധതി നടപ്പിലാക്കിയിട്ടുമില്ല.

6) സ.ഉ( കൈ) നം 179/2022ധന തീയതി 18.10.22 ഉത്തരവ് പ്രകാരം തനത് വരുമാനത്തിൽ ഡിമാന്റ് ചെയ്യുന്ന 90% എങ്കിലും ശേഖരിക്കാത്ത പഞ്ചായത്തുകൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് (പൊതുവിഭാഗം) ന്റെ 1% തുക ശിക്ഷ എന്നവിധത്തിൽ കുറവ് വരുത്തുന്നുണ്ട്. ഇപ്രകാരം പൂവാർ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് (പൊതുവിഭാഗം) ൽ നിന്നും 169230/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം തനത് വരുമാനം കുറയാനുള്ള കാരണം വ്യക്തമല്ല.

7) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല. (CSS, SSS എന്നയിനത്തിലെ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ തന്നെ ജനറേറ്റ് ആയി വരുന്ന റിപ്പോർട്ട് ആണെന്നും സാങ്കേതിക തകരാർ മൂലമാണ് അതിൽ വ്യത്യാസം വരുന്നതെന്നുമാണ് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/15.11.2023) മറുപടി ലഭ്യമാക്കിയത്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് ജനറൽ | 16923000 | 15487600 | 1435400 |
| വികസനഫണ്ട് (എസ്.സി.പി) | 8640000 | 7797159 | 842841 |
| മെയിന്റനൻസ് നോൺ റോഡ് | 5798000 | 5478811 | 319189 |
| മെയിന്റനൻസ് റോഡ് | 10282000 | 8421605 | 1860395 |
| **ആകെ** | **41643000** | **37185175** | **4457825** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




| ഫണ്ട് | മുന്നിരിപ്പ്(B4 Schedule) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | B4 Shedule പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് | 3957400 | 3423630 | 7381030 | 3097326 | 4283704 | 1461217 |
| ധനകാര്യകമ്മീഷൻ (ടൈഡ്) | 0 | 6456782 | 6456782 | 4576912 | 1879870 | 1754912 |

പദ്ധതി നിർവ്വഹണം

2022-23വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | - | 748600 | 357189 | 47.7% |
| വെറ്റിനറി ഉദ്യോഗസ്ഥൻ | 8 | 7 | 1 | 4944000 | 1799100 | 36.4% |
| മെഡിക്കൽ ആഫീസർ (ആലോപ്പതി) | 10 | 10 | - | 3517339 | 3455050 | 98.2% |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 1 | 1 | 0 | 300000 | 300000 | 100 |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | 1 | 1 | - | 800000 | 800000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 23 | 21 | 2 | 102189094 | 15920102 | 15.6% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 14 | 5 | 921 | 7718014 | 333000 | 4.3% |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 15 | 13 | 2 | 5745110 | 4356217 | 75.82% |
| സെക്രട്ടറി | 38 | 33 | 5 | 11263567 | 10390034 | 92.3% |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 8 | 5 | 3 | 2823876 | 1558893 | 55.2% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 115 | 88 | 27 | 29851515 | 18997027 | 64% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു. (1) | 1 | | 1298500 | 798500 | 62% |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | - | 1497564 | 862793 | 58% |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 20149524 | 15487600 | 76.8% |
| എസ്.സി.പി. | 9348958 | 7797159 | 83.4% |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യകമ്മിഷൻ അവാർഡ് | 14138920 | 7674238 | 54.3% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3690132 | 2003157 | 54.28% |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 22798400 | 800000 | 3.5% |
| തനത് ഫണ്ട്. | 4965294 | 4508251 | 90.7% |
| ബ്ളോക്ക് പഞ്ചായത്ത് | 11207750 | 725125 | 6.46% |
| മറ്റ് ജില്ലാപഞ്ചായത്ത് | 11805790 | 1236125 | 10.47% |
| മെയിന്റനൻസ് നോൺ റോഡ് | 6907999 | 5478811 | 79.33% |
| മെയിന്റനൻസ് റോഡ് | 11096112 | 8421605 | 75.89% |
| മറ്റുള്ളവ | 55794200 | 5228550 | 9.37% |
| ആകെ | 172397179 | 59627905 | 34.58% |

**ആസൂത്രണ സമിതി**

1. പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണ്. ആഡിറ്റ് എൻക്വയറി 02/23, 10/11/23പ്രകാരം ലഭ്യമായ മറുപടിയിൽ പൂവാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/12/2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതിയുടെ ആദ്യ യോഗം കൂടിയിട്ടുണ്ടെങ്കിലും പുന:സംഘടിപ്പിച്ചിട്ടില്ല എന്നറിയിച്ചു.

2. പുനസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം മാർഗ്ഗരേഖയുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 1ൽ രേഖപ്പെടുത്തേണ്ടതും അത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചിട്ടില്ല.

3. മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. കൂടാതെ മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല. ആസൂത്രണ സമിതി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടുകയുണ്ടായത്. യോഗം 23/5/22- ൽ കൂടുകയുണ്ടായിആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1).

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ്

ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമ സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ മിന്ട്സ് പരിശോധിച്ചപ്പോൾ അവയിലെ നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറിയിട്ടില്ല .

**സ്റ്റാറ്റസ് റിപ്പോർട്ട്- പരിഷ്കരിച്ചിട്ടുണ്ട്.**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേനെ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിക്ക് (2/23, 9/11/23) മറുപടി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | ലഭിച്ച മറുപടി |
|---|---|---|---|---|
| 1 | വികസനമേഖല | ഗുരുതരം | അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം എന്നിവ ലഭ്യമല്ല. | പരിഹാര നടപടിയ്ക്കായി പ്രോജക്ട് രൂപീകരിക്കുന്നതാണ്. |
| 2 | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാജ്ജനം, ഗൃഹമാലിന്യം സംസ്കരണത്തിന് | പരിഹാര നടപടികൾ ക്കായി പ്രോജക്ടുകൾരൂപികരിച്ചിട്ടുണ്ട്. |
| 3 | വിദ്യാഭ്യാസം | ഗുരുതരം | സ്കൂളുകൾക്ക് ഫർണീച്ചർ, കളിസ്ഥലം ലഭ്യമാക്കുക | തുടർന്നുള്ള വർഷങ്ങളിൽപ്രോജക്ടുകൾ രൂപീകരിക്കുനനതാണ്. |
| 4 | മത്സ്യ ബന്ധന | ഗുരുതരം | മത്സ്യബന്ധനം, മലിനീകരണം, കുടിവെള്ള പ്രശ്നങ്ങൾ | പരിഹാര നടപടിയ്ക്കായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട് |

**ഗ്രാമസഭകൾ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1 (1) പ്രകാരം വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ ഇല്ലാത്തതായി കാണുന്നു

2022-23 വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്നുണ്ട് എന്നാൽ ആ നിർദ്ദേശം പാലിച്ചിട്ടില്ല. എല്ലാ വാർഡുകളിലെയും ഗ്രാമസഭാ യോഗം വർഷത്തിൽ നാലു പ്രാവശ്യം നടന്നിട്ടുണ്ടെങ്കിലും ഗ്രാമസഭ മിനിട്സ് പൂർണമാക്കി കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണം അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

വിവിധ ഫണ്ടുകൾ മാർഗ്ഗരേഖ അനുശാസിക്കുംപ്രകാരവും അവ ലാപ്സാകാത്ത രീതിയിലും സമയബന്ധിതമായി ചെലവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3360000 | 278 |
| വിധവ പെൻഷൻ | 9631000 | 812 |
| വാർദ്ധക്യകാലപെൻഷൻ | 18800600 | 1655 |
| വികലാംഗപെൻഷൻ | 4306000 | 342 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 249600 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

ക്ഷേമപെൻഷനുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-6-1 സാമൂഹ്യസുരക്ഷാപെൻഷൻ- മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

എ) സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/15.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

ബി) സാമൂഹ്യ സുരക്ഷാപെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 17/15.11.23).

സർക്കാർ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2023 തീയതിയിൽ 11 എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2367/- (രണ്ടായിരത്തി മുന്നൂറ്റി അറുപത്തി ഏഴ്) ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കി ഓഫീസ് ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന വിഷയങ്ങളിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

1. ഡിമാന്റ് ചെയ്ത നികുതി പിരിച്ചെടുക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിട വിസ്തീർണം കൃത്യമാക്കുകയും 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

3. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

5. മാർഗ്ഗ രേഖഅനുശാസിക്കും പ്രകാരം മാത്രം പ്രോജക്ടുകൾ നിർവഹിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

6. ആസൂത്രണ സമിതി പുനഃസംഘടിപ്പിക്കേണ്ടതാണ്.

7. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്ന ഖരമാലിന്യ സംസ്കരണം പോലെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

8. എൻ.ആർ.ജി.എസ്. ന്റെ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് (RPപ്രകാരം ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| * ഭരണച്ചെലവുകൾ | 0 | *1503763 **(680469+893663) | 1503763 | *1503763 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക (I14C പ്രകാരം) | 0 | 42407378 | 42407378 | 42407378 | 0 |

Canara Bank NREGS (1700101013913) എന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ഭരണചെലവിനത്തിലുള്ള തുകയൊന്നും അക്കൗണ്ടിൽ വരവുവന്നിട്ടില്ല. വസ്തു നികുതിയിനത്തിലെ വരവുകളാണ് (ഉദാ. 1493/-) പ്രസ്തുത അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

** ഭരണചെലവുകൾക്കായുള്ള തുകയുടെ വരവ് Other Revenue Grants (160100799), 320200399 Grants- Other Purposes എന്നീ ശീർഷകങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

* ധനകാര്യപത്രിക പ്രകാരം ഭരണചെലവിനത്തിലെ തുക നിലവിൽ പഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടിലാണ് ലഭ്യമാകുന്നത്. തനത് ഫണ്ടിൽ നിന്നും മുൻകൂറായി NREGS ന്റെ ഭരണചെലവുകൾക്കുള്ള തുക ചെലവഴിക്കുന്നതിനാലും കുടിശ്ശികയിനത്തിൽ മുൻകൂർ ക്രമീകരിക്കാനവശേഷിക്കുന്നതിനാലും, തനത് ഫണ്ടിലേയ്ക്ക് ലഭ്യമാകുന്ന തുക "Advance To Others ' എന്ന ഹെഡിലേയ്ക്ക് ജേണൽ വൌച്ചർ മുഖേന ക്രമീകരിക്കുകയാണ് ചെയ്തുവരുന്നത്. തൻവർഷം ലഭ്യമായ മുഴുവൻ തുകയും മുൻകൂറിനത്തിൽ ക്രമീകരിച്ച് നീക്കിയിരിപ്പ് പൂജ്യം ആക്കിയിട്ടുണ്ട്.

എൻ.ആർ.ഇ.ജി.എസുമായി ബന്ധപ്പെട്ട ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. എൻ.ആർ.ഇ.എസ് ന്റെ ആവശ്യത്തിലേയ്ക്കായി ധനകാര്യപത്രികപ്രകാരം Canara Bank NREGS (1700101013913) എന്ന അക്കൌണ്ട് നിലവിലുണ്ടായിരിക്കെ ഭരണചെലവുകൾക്കുള്ള തുക തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നതിന് കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/10.11.23) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് "ഭരണനിർവഹണ ചെലവുകൾക്കായുള്ളതുക PFMS വഴിയാണ് അനുവദിക്കുന്നത്. നിലവിലുള്ള അക്കൗണ്ട് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ആയതിനാൽ തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തു"

എന്നാൽ 2022-23 വർഷം ഭരണ ചെലവിനത്തിൽ ലഭ്യമായ തുക, ആയതിന്റെ ചെലവുവിശദാംശങ്ങൾ എന്നിവ കാഷ് ബുക്കിൽ പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

2. MGNREGS ന്റെ I-14 -C, I-14-F എന്നിവയുടെ ആകെ തുക ( 200+42407378), I-6 പ്രകാരമുള്ള വരവുമായി (41479987) പൊരുത്തപ്പെടുന്നില്ല.

3. MGNREGS ക്യാഷ്ബുക്കിൽ 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവിനത്തിൽ ചെലവഴിച്ച ആകെ തുക, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ആകെ തുക എന്നിവ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

4. ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ധനകാര്യ പത്രിക പ്രകാരം | EFMS സ്റ്റേറ്റ്മെന്റ് പ്രകാരം/തനത് ഫണ്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 42407378 | 41479987 |

5. എം.ജി.എൻ.ആർ.ഇ.ജി.എസ് സെക്ഷനിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അഡ്വാൻസ് ഇനത്തിലെ 2022-23 സാമ്പത്തിക വർഷത്തെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | തുക |
|---|---|

| | |
|---|---|
| പഞ്ചായത്തിലേക്ക് നൽകാനുള്ള തുക | 1578675 |
| പഞ്ചായത്ത് മുൻകൂറായി ചെലവഴിച്ച തുക | 1779412 |
| ആകെ | 3358087 |
| 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് റീക്ലൂപ്പ് ചെയ്ത തുക | 1503763 |
| 2022-23 സാമ്പത്തിക വർഷം റീ ക്ലൂപ്പ് ചെയ്യാനവശേഷിക്കുന്ന തുക | 1854324 |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 3/10.11.23).

## 1-9-1 തൊഴിലുറപ്പ് പദ്ധതിയിൽ ഫലവൃക്ഷത്തൈ പരിപാലനം - അപാകങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ചെലവുപത്രിക പ്രകാരം ഫലവൃക്ഷത്തൈ നടീലും പരിപാലനവും എന്ന 10 പ്രവർത്തികൾക്കായി അവിദഗ്ധ വേതനമിനത്തിൽ 4,56,467/- രൂപ നൽകിയിട്ടുണ്ട്.

ഈ പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) അനർഹരായ വ്യക്തികൾക്ക് വേതനം നൽകി - 23,280/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഫലവൃക്ഷത്തൈനടീലും പരിപാലനവും (വർക്ക് കോഡ് DP/310906) എന്ന പ്രവർത്തിയുടെ നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി 2950/- രൂപ ST Hollow Bricks, Poovar എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ബിൽ നം. 98/01.04.2022 Meterial List No. ML 6751).

പ്രവർത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർക്ക് കോഡ് - DP/310906

എം ബുക്ക് നം - 98/21-22

ഭരണാനുമതി നം - 1614006005/2022/102897/AS തീയതി 17.07.21

സാങ്കേതികാനുമതി നമ്പർ - Mg/pp/78/2021-22

ദിവസവേതനം- 291/-

എസ്റ്റിമേറ്റ് തുക – 90,000/-

ചെലവായ തുക – 40,157/-

സർക്കുലർ നം. പി.എസ് 2/288/2018(ത.സ്വ.ഭ.വ)(1) തീയതി 29.05.2018 പ്രകാരം ഫലവൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കുഴികൾ തയാറാക്കി വൃക്ഷത്തൈകൾ നടുന്നതിനും തുടർന്ന് വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ മസ്റ്റർ റോൾ ജനറേറ്റ് ചെയ്യാവുന്നതും അവിദഗ്ധ തൊഴിലിനുള്ള അനുവദനീയമായ വേതനം നൽകാവുന്നതുമാണ്.

പ്രവർത്തി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം പൊതുഭൂമിയിലാണ് പ്രവർത്തി നിർവഹിച്ചിരിക്കുന്നത്. മാർഗരേഖപ്രകാരം പൊതുഭൂമിയിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ നടണം എന്നത് സംബന്ധിച്ച് കുടുംബശ്രീ സി.ഡി.എസുകൾ ഗ്രാമപഞ്ചായത്തുമായി ആലോചിച്ച് പദ്ധതി തയാറാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി സ്ഥലം കൃഷി ചെയ്യാൻ അനുയോജ്യമാണ് എന്ന് പഞ്ചായത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഫോട്ടോകളിൽ ചെടികൾ വച്ചുപിടിപ്പിച്ചിരിക്കുന്നത് കടലിനോട് ചേർന്നുള്ള മണൽ നിറഞ്ഞ പ്രദേശത്താണെന്നാണ് വ്യക്തമാകുന്നത്.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 24.08.21 ൽ നൽകിയിരിക്കുന്ന വർക്ക് അലോട്ട്മെന്റ് ഫോറം പ്രകാരം പ്രകാരം തൊഴിലിന് അപേക്ഷ നൽകിയ ഷമീമ (8/49), ഫാത്തിമ (8/114), ഐഷാ ബീവി (8/132), ഹസീന (8/206), റഹിയാബീവി (8/76) എന്നീ തൊഴിലാളികൾക്ക് പ്രവർത്തി അനുവദിച്ച് നൽകിയിട്ടുണ്ട്. സൈറ്റ് ഡയറിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ട് മീറ്റിംഗ് ചേർന്നതിന്റെ റിപ്പോർട്ട് പ്രകാരവും മേൽ പരാമർശിച്ച 5 പേരാണ് യോഗത്തിൽ പങ്കെടുത്തിരിക്കുന്നതും. സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ഈ പ്രവർത്തിയ്ക്കായി തൊഴിൽ അനുവദിച്ചുനൽകിയിരിക്കുന്ന തൊഴിലാളികൾക്ക് 15,045/- രൂപ മാത്രമാണ് വിവിധ ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുള്ളത്.

എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന മസ്റ്റർ റോൾ, വേജ് ലിസ്റ്റ് എന്നിവ പ്രകാരം മേൽപരാമർശിച്ച തൊഴിലാളികൾക്കല്ലാതെ മറ്റ് വ്യക്തികളുടെ അക്കൌണ്ടിലേയ്ക്കും അവിദഗ്ധതൊഴിലിനുള്ള വേതനമിനത്തിലെ തുക കൈമാറിയതായി കണ്ടെത്തി.

ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയിരിക്കുന്ന വ്യക്തി, ജോബ് കാർഡ് നം. | നൽകിയ തുക | മസ്റ്റർ റോൾ നം., .എഫ് റ്റി ഒ/ ബിൽ നം , തീയതി | മസ്റ്റർ റോൾ പീരീഡ് | തുക നൽകിയിരിക്കുന്ന അക്കൗണ്ട് നം./ IFSC Code |
|---|---|---|---|---|
| ജിസ്റ്റി, 8/59 | 1746<br>1746<br>2037<br>2037<br>2037<br>2037 | 41458/1569098/18.03.22<br>38476/1505782/08.03.22<br>34626/1418871/23.02.22<br>34625/1375157/16.02.22<br>17533/793780/09.11.21<br>17532/782221/08.11.21 | 11.03.22-17.03.22<br>28.02.22-06.03.22<br>15.02.22-21.02.22<br>04.02.22-14.02.22<br>28.10.21-19.11.21<br>27.10.21-02.11.21 | 67346872392, SBIN0070308 |
| ജാസീർ അഹമ്മദ് ജെ, 8/59 | 1746<br>2037<br>2037 | 38476/1505789 /08.03.22<br>34626/1418863/23.02.22<br>34625/1375161/16.02.22 | 28.02.22-06.03.22<br>15.02.22-21.02.22<br>04.02.22-14.02.22 | 67241007719/ SBIN0070308 |
| മുഹമ്മദ് ഇജാസ് ജെ, 8/59 | 1746<br>2037<br>2037 | 38476/1505789 /08.03.22<br>34626/1418863/23.02.22<br>34625/1375161/16.02.22 | 28.02.22-06.03.22<br>15.02.22-21.02.22<br>04.02.22-14.02.22 | 672252715470/ SBIN0070308 |
| ആകെ | 23280 | | | |

ഫയലിൽ ഒക്ടോബർ 2021 ൽ പ്രവർത്തി ആരംഭിച്ചതായും മാർച്ച് 2022ൽ അവസാനിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു (6 മാസ കാലയളവ്). ഇതിൽ നിന്നും വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച്, വെള്ളമൊഴിച്ച് പരിപാലിച്ചതായി വ്യക്തമാകുന്നു. കൂടാതെ എം.ബുക്കിലും വെള്ളം ഒഴിക്കുന്നതിനുള്ള ചെലവ് കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുവെന്നതിന്റെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന വൃക്ഷത്തൈകൾ സംബന്ധിച്ചും അതിൽ ഓരോ അയൽക്കൂട്ടത്തിനും പരിപാലനചുമതല നൽകിയിട്ടുള്ള വൃക്ഷത്തൈകൾ സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയവയുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വാല്യൂവേഷൻ നടത്തി കൂലി നൽകേണ്ടത്. ഇത്തരത്തിലുള്ള രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

വൃക്ഷത്തൈകളുടെ അതിജീവനത്തെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് , അക്രഡിറ്റഡ് എഞ്ചിനീയർ(NREGS) / ഓവർസീയർ( NREGS) എന്നിവർ നടത്തിയ ഫീൽഡ് തല റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് അവിദഗ്ധവേതനം അനുവദിക്കേണ്ടത്. ആയവ തയാറാക്കിയിട്ടില്ല. വൃക്ഷത്തൈകളുടെ അതിജീവനനിരക്കിന്റെ അടിസ്ഥാനത്തിൽ അതിജീവിക്കുന്ന തൈകളുടെ എണ്ണം പരിഗണിച്ച് വ്യത്യസ്ത നിരക്കിലാണ് കൂലി അനുവദിക്കേണ്ടതെന്നിരിക്കെ ഏത് മാനദണ്ഡപ്രകാരമാണ് പ്രതിദിനം 291 രൂപ (നിലവിലെ മുഴുവൻ നിരക്ക്) നിരക്കിൽ തുക അനർഹരായ വ്യക്തികൾക്ക് അനുവദിച്ചതെന്ന് വ്യക്തമല്ല.

വൃക്ഷത്തൈകളുടെ പരിപാലന പ്രവർത്തനവും അതിജീവനവും ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനർ ആയിട്ടുമുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. പ്രവർത്തി നടക്കുമ്പോഴുള്ള ഫീൽഡ് തല പരിശോധനറിപ്പോർട്ട് ലഭ്യമല്ല.

ആധികാരിക രേഖകളില്ലാതെയും ന്യായവിരുദ്ധമായും 23280/- രൂപ ചെലവഴിച്ചത് തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി നൽകിയ തുക 23280/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ (എൻ.ആർ.ഇ.ജി.എസ്), ബിൽ തയാറാക്കിയ ഉദ്യോഗസ്ഥൻ (എൻ.ആർ.ഇ.ജി.എസ്), ഫീൽഡ് പരിശോധന നടത്തിയ ഓവർസിയർ (എൻ.ആർ.ഇ.ജി.എസ്), സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതാണ്.

മറ്റ് അപാകങ്ങൾ

എം ബുക്ക് പ്രകാരം ആകെ ചെലവ് 40157/- രൂപയാണ് (അവിദഗ്ധവേതനം - 36957, പണിയായുധ വാടക – 250/-, സിറ്റിസൺ ഇൻഫർമേഷൻബോർഡ് - 2950/-). ഓഡിറ്റിന് ലഭ്യമാക്കിയ മസ്റ്റർ റോളുകൾ പ്രകാരം ആകെ 38,325/- രൂപയാണ് അവിദഗ്ധവേതനമിനത്തിൽ നൽകിയിരിക്കുന്നത്. വ്യത്യാസമുള്ള തുകയുടെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ആർക്കാണ് നൽകിയിരിക്കുന്നതെന്ന് പരിശോധിക്കാനായിട്ടില്ല.

പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ ജിയോടാഗിംഗ് ചെയ്ത് സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും മുഴുവൻ പ്രവർത്തി സ്ഥലത്തിൽ ചെയ്ത പ്രവർത്തിയുടെയും വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചെടികൾ നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായപ്പോൾ പൊഴിക്കര ആറിൽ നിന്നും വെള്ളമെടുത്ത് ഒഴിക്കാൻ പ്രാപ്തരായ വാക്കാൽ ഡിമാന്റ് ചെയ്ത് വ്യക്തികൾക്ക് മസ്റ്റർ റോൾ വിതരണം ചെയ്തുവെന്നും വൃക്ഷത്തെ അതിജീവനാടിസ്ഥാനത്തിൽ തന്നെയാണ് Mustor Roll വിതരണം നടത്തിയിട്ടുള്ളതെന്നുമാണ് അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/ 18.11.2023) മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-9-2 MGNREGS- ചെയ്യാത്ത പ്രവർത്തികൾക്ക് തുക അനുവദിക്കുന്നു.

1. ഫലവൃക്ഷങ്ങൾ പരിപാലിക്കുന്നതിനായി 24,735/- രൂപ അനുവദിച്ചു-ആധികാരിക രേഖകൾ ലഭ്യമാക്കിയില്ല.

പ്രവർത്തിയുടെ പേര്, നം. - 461, ഫലവൃക്ഷത്തെ നടീലും പരിപാലനവും

വർക്ക് കോഡ് - DP/310896

എം ബുക്ക് നം - 45/22-23

ഭരണാനുമതി നം.- 1614006005/2021-22/102898/AS

ദിവസവേതനം- 291/-per Day

എസ്റ്റിമേറ്റ് തുക – 90000/-(Labour Charges – 79936,07, Materials 2102.34,

Lumpsum – 7962, Mandays 274.69)

ചെലവായ തുക - 54660/- (എം ബുക്ക് പ്രകാരം )

പ്രവർത്തി ആരംഭിച്ച തീയതി- 01.06.2022

പ്രവർത്തി പൂർത്തീകരിച്ച തീയതി - 31.10.2022

സാങ്കേതിക അനുമതി നൽകിയ വ്യക്തി - രശ്മി പി എസ് (AEP ) പൂവാർ

സാങ്കേതിക അനുമതി നമ്പർ - 1614006005/21-22/102898/TS Dated 17.07.21

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ (എൻ ആർ ഇ ജി എസ്)

അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ - ബീന എസ് എം, ഓവർസീയർ (NREGS)

ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം പച്ചത്തുരുത്തിൽ 10 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പാണ് പ്രവർത്തി ചെയ്തതെന്നും ആദ്യം കാട് വെട്ടിത്തെളിച്ച് അതിനുശേഷം 1.5 അടി താഴ്ച 3 അടി വീതി ഇതനുസരിച്ച് 96കുഴി എടുത്തു. തൈകൾനട്ടു, ബാക്കി വീടുകളിൽകൊടുത്തു വീടുകളിൽ, ഓരോരുത്തർക്കും 10തൈകൾ വീതം കൊടുത്തു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ഫലവൃക്ഷങ്ങൾ നടുന്നതിന് 96 കുഴികൾ എടുത്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എം ബുക്ക് പ്രകാരം 275 കുഴികൾ എടുത്തതായി രേഖപ്പെടുത്തുകയും ചെയ്യാത്ത പ്രവർത്തിയ്ക്ക് തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു.

. ഫയലിൽ സൂക്ഷിക്കേണ്ട അവശ്യരേഖകളായ പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോകൾ, വി.ഇ.ഒ യുടെ സാക്ഷ്യപത്രം, ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, വർക്ക് അലോട്ട്മെന്റ് ഫോം, ഗുണഭോക്താവിന്റെ വ്യക്തി വിവരങ്ങൾ, ഭൂവുടമയുടെ വ്യക്തി വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ല.

. എം.ബുക്കിൽ ചെടികൾ നട്ടുപിടിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല . അസിസ്റ്റന്റ് എഞ്ചിനീയർ (NREGS) മറ്റുള്ള രേഖപ്പെടുത്തലുകൾ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. തുടർന്ന് ഫലവൃക്ഷങ്ങൾക്ക് വെള്ളമൊഴിക്കുന്നതിന് 85മനുഷ്യദിവസത്തിന് 24,735/- രൂപ (@291) അനുവദിച്ചിരിക്കുന്നു.

275 ചെടികളിൽ 96 തൈകൾ ഉൾപ്പെട്ട ഒരു പച്ചത്തുരുത്ത് നിർമിച്ചുവെന്നും ബാക്കി 179 ചെടികൾ BPL തൊഴിലാളികളുടെ സ്ഥലങ്ങളിലാണ് നട്ടതെന്നും ആയത് എം.ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നുമാണ് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 34/ 18.11.2023) മറുപടി ലഭ്യമാക്കിയത്.

കൃത്യമായ മോണിറ്ററിംഗില്ലാതെയും ആവശ്യമായ രേഖകൾ പരിശോധിക്കാതെയുമാണ് പ്രവർത്തിയ്ക്ക് തുക അനുവദിച്ചിരിക്കുന്നതെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാണ്. ഓഡിറ്റ് അന്വേഷണത്തിന് മതിയായ രേഖകളുടെ

പിൻബലമില്ലാതെ സമർപ്പിച്ച മറുപടി അംഗീകരിക്കാനാവില്ല.

2. സർക്കാർ നിർദ്ദേശപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല-58,304/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

വർക്ക് കോഡ് DP/337200, പഞ്ചായത്ത് ഓഫീസ് പരിസരം പോലിസ് സ്റേറഷൻ പരിസരം ഫലവൃക്ഷത്തൈ പരിപാലനം

എം ബുക്ക് നം - 251/2022-23

അടങ്കൽ - 96657
ചെലവ് -58304 (ലഭ്യമാക്കിയ മസ്റ്റർ റോളുകൾ പ്രകാരം )

പ്രവർത്തി ആരംഭിച്ച തീയതി 24.11.2022

പ്രവർത്തി പൂർത്തിയാക്കിയ തീയതി 10.02.2023

പ്രോജക്ടിന്റെ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് പരിസരം പോലീസ് സ്റേറഷൻ പരിസരം എന്നിവിടങ്ങളിൽ കാട് വെട്ടി വൃത്തിയാക്കി, കുഴികൾ എടുത്ത് തൈകൾ നട്ട് പിടിപ്പിച്ച, തൈകളുടെ സംരക്ഷണത്തിനായി ജൈവവേലി ഘടിപ്പിച്ച എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

. പഞ്ചായത്ത് ഓഫീസ് പരിസരം, പോലീസ് സ്റേറഷൻ പരിസരം എന്നിവിടങ്ങളിൽ പ്രവർത്തി നിർവഹണം നടത്തുന്നതിനായുള്ള പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല.

. എം.ബുക്ക് പ്രകാരം 200 തൈകൾ വച്ചുപിടിപ്പിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തി പൂർത്തിയായിരിക്കുന്നത് ഫെബ്രുവരി 2023 ലാണ് (എം ബുക്ക് പ്രകാരം). ഓഡിറ്റ് നടന്ന കാലയളവിൽ (നവംബർ 2023 ൽ) പഞ്ചായത്ത് ഓഫീസ് പരിസരത്ത് ഫലവൃക്ഷത്തൈകളൊന്നും കാണാനായില്ല. പൊലീസ് സ്റ്റേഷൻ പരിസരത്ത് ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

. തൊഴിലാളികളെ പ്രവർത്തി സ്ഥലത്ത് നിയോഗിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ ഉത്തരവ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയെന്നും, തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ച എന്നും ഉറപ്പാക്കുന്നതിന് കഴിയുന്നില്ല.

ഈ പ്രവർത്തിയ്ക്കായി വിവിധ ബില്ലുകൾ പ്രകാരം അവിദഗ്ധവേതനമിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മസ്റ്റർ റോൾ നം. | തീയതി | നൽകിയ തുക |
|---|---|---|
| 27212 | 01.12.22 | 15190 |
| 27213 | 01.12.22 | 3410 |
| 27214 | 12.12.22 | 14880 |
| 27215 | 12.12.22 | 3720 |
| 31505 | 26.12.22 | 3720 |
| 31506 | 31.12.22 | 3732 |
| 34020 | 11.01.23 | 3720 |
| 34021 | 16.01.23 | 3732 |
| 40332 | 20.02.23 | 3100 |
| 40333 | 20.02.23 | 3100 |
| **ആകെ** | | **58304** |

മസ്റ്റർ റോളുകൾ, എം ബുക്ക് എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിലും എം ബുക്ക് പ്രകാരമുള്ള പ്രവർത്തികൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനറിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ക്രമവിരുദ്ധമായി തുക അനുവദിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപാകതകൾ സാധൂകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

NREGS നടപ്പിലാക്കുന്ന പ്രവർത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവർത്തി നടക്കുമ്പോൾ, പ്രവർത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം. ഡി.ഡി2/336/2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തിയിൽ ഇത്തരം പരിശോധനകൾ നടത്തിയതിന്റെ റിപ്പോർട്ട് (നിശ്ചിത മാതൃകയിലുള്ള പരിശോധനാ റിപ്പോർട്ടുകൾ), ബന്ധപ്പെട്ട മോണിററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-9-3 മെറ്റീരിയൽ പ്രവർത്തികൾ -ബില്ലുകൾ സൂക്ഷിക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തിൽ MNREGS മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്ക് ടെൻഡർ മുഖാന്തിരം കരാറുകാർ മെറ്റീരിയൽ വിതരണം നടത്തിയിട്ടുണ്ട്. MNREGS മെറ്റീരിയൽ വിതരണം സംബന്ധിക്കുന്ന 31.3.2012 തീയതിയിലെ സ.ഉ.(കൈ) നം.93/2012/ത.സ്വ.ഭ.വ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എഞ്ചിനീയർ ഏറ്റുവാങ്ങുന്ന സാധനങ്ങൾ ബന്ധപ്പെട്ട മേറ്റിനെ ഏൽപിക്കേണ്ടതാണ്. എഞ്ചിനീയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റുവാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മേറ്റ് ഒപ്പിട്ട് നൽകേണ്ടതാണ്. പ്രവർത്തി സ്ഥലത്ത് വിതരണം ചെയ്ത സാധനസാമഗ്രികളുടെ കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് തുക അനുവദിക്കേണ്ടത്. ഇത് സംബന്ധിച്ച ഫയലുകളിൽ സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങൾ അളവ് രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തത് സംബന്ധിക്കുന്ന വിവരങ്ങൾ, അതിന്റെ വർക്ക് സൈറ്റ് സ്റ്റോക്ക് രജിസ്റ്റർ, മെറ്റീരിയലുകൾ മേറ്റ് ഏറ്റുവാങ്ങുന്നതിന്റെ ഫോട്ടോ എന്നിവ ലഭ്യമല്ല. ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന Material Procured ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മെറ്റീരിയലുകളുടെ അളവ്, ഗുണനിലവാരം എന്നിവ പ്രവൃത്തിയുടെ മേൽനോട്ടച്ചുമതലയുള്ള അക്രഡിറ്റഡ് എഞ്ചിനീയർ പ്രവൃത്തികളുടെ എം-ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ബില്ലുകളുടെ അഭാവത്തിൽ മെറ്റീരിയലിന്റെ തുക കരാറുകാരന് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | കരാറുകാരന്റെ പേര് | നൽകിയ തുക | Bill No., Dated | Material List No. |
|---|---|---|---|---|
| മിനി എം സി എഫ് വാർഡ് -3 പട്യക്കാല, AU 282095 | കുമാർ .ജെ | 58039 | 252/18.03.23 | 15242 |
| മിനി എം സി എഫ് വാർഡ് -2, തോട്ടുവരമ്പ്, AU 273632 | | 58041 | 241/18.03.23 | 15290 |

GST ഉള്ള വെണ്ടറിനെയാണ് Material Supply യ്ക്ക് നിയോഗിച്ചിരുന്നത്. അതിനാലാണ് Bill വാങ്ങാതിരുന്നതെന്നും തുടർന്നുള്ള പ്രവർത്തികളിൽ GST Bill പ്രകാരം നടപടിക്രമങ്ങൾ പാലിച്ചും മെറ്റീരിയൽ പ്രവർത്തികൾ നടപ്പിലാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 37/18.11.23) മറുപടി ലഭ്യമാക്കിയത്. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012- ലെ (കൈ) 93/2012/ത.സ്വ.ഭവ. നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

## 1-10 വസ്തുനി നികുതി കുടിശ്ശിക-വ്യത്യാസം പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2022-23-ലെ വസ്തു നികതിയുടെ കുടിശ്ശികതുക പരിശോധിച്ചതിൽ വാർഷിക ധനകാര്യപത്രികയിലെ കുടിശ്ശിക തുകയും D.C.Bസ്റ്റേറ്റ്മേറ്റിലെ കുടിശ്ശിക തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതായി കണ്ടെത്തി.ആയതിന്റെ വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

A.വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്ന തുക

| | |
|---|---|
| കെട്ടിടനികുതി -റെഷ്യഡൻഷ്യൻ (കറന്റ്) | 99357/- |
| കെട്ടിടനികുതി -റെഷ്യഡൻഷ്യൻ (അരിയർ) | 125032/- |
| കെട്ടിടനികുതി -നോൺ-റെഷ്യഡൻഷ്യൻ (കറന്റ്) | 48888/- |
| കെട്ടിടനികുതി -നോൺ-റെഷ്യഡൻഷ്യൻ (അരിയർ) | 835018/- |
| **ആകെ** | **1108295/-** |

B.ഡി.സി.ബി.പ്രകാരം വസ്തു നികുതി കുടിശ്ശികയി നിലനിൽക്കുന്ന കുടിശ്ശിക തുക

| | |
|---|---|
| കെട്ടിടനികുതി-ഡിമാൻഡ്-റെഷ്യഡൻഷ്യൻ,നോൺ-റെഷ്യഡൻഷ്യൻ,(കറന്റ്,അരിയർ ഉൾപ്പടെ) | 5221576/- |
| കെട്ടിടനികുതി-കളക്ഷൻ-റെഷ്യഡൻഷ്യൻ,നോൺ-റെഷ്യഡൻഷ്യൻ,(കറന്റ്,അരിയർ ഉൾപ്പടെ) | 3725173/- |

| | |
|---|---|
| കെട്ടിടനികുതി-ബാലൻസ്-റെഷ്യഡൻഷ്യൻ,നോൺ-റെഷ്യഡൻഷ്യൻ,(കറന്റ്,അരിയർ ഉൾപ്പടെ) | 1509585/- |

(*13182/-രൂപ അഡ്വാൻസ് പിരിവ് )

ഡി.സി.ബി. പ്രകാരം പിരിച്ചെടുക്കുവാൻ ബാലൻസ് ഇനത്തിൽ 1509585/- രൂപയും, വാർഷിക ധനകാര്യ പത്രിക പ്രകാരം 1108295/- രൂപയുമാണ്. 401290/- രൂപയുടെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കാനും, 2022-23 വർഷത്തിൽ വസ്തുനികുതി എഴുതിതള്ളിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 33/23-ന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരമുള്ള വ്യത്യാസം പരിഹരിക്കേണ്ടതും അന്വേഷണകുറിപ്പ് 33/23-ന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-10-1 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കണം.

ഡി.സി.ബി. പ്രകാരം വസ്തുനികുതിയിനത്തിൽ 1509585/- രൂപ പിരിച്ചെടുക്കുവാൻ ബാലൻസായി നിലനിൽക്കുന്നു. ഡിമാന്റ് ചെയ്യുന്ന തനത് വരുമാനത്തിന്റെ 90% ശേഖരിക്കാത്തതിനാൽ തൻവർഷം വികസനഫണ്ടിന്റെ 1% പൂവാർ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നില്ലായെങ്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് കുറയുവാനും ആയത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ തുടർ വർഷങ്ങളിൽ സാരമായി ബാധിക്കുവാൻ സാധ്യതയുള്ള വരുവുന്നതിനാൽ വസ്തുനികതി കുടിശ്ശിക പിരിച്ചെടുക്കുവാൻ പ്രത്യേക കർമ്മ പദ്ധതി വാർഡ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാകേണ്ടതും, കൂടാതെ ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റിക്കവറി, ജപ്തി, പ്രോസിക്യൂഷൻ) നടപടികളും സ്ഥീകരിക്കേണ്ടതും തുടർ നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-2 ഒറ്റതവണ നികുതി അടവാക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നു.

തദ്ദേശ സ്വയംഭരണ(ആർ.ഡി) വകുപ്പിന്റെ 9-7-2015-ലെ സ.ഉ.(എം.എസ്) 231/2015 നമ്പർ ഉത്തരവ് പ്രകാരം പുതിയതായി കെട്ടിട നമ്പർ അനുവദിക്കുമ്പോഴോ, നിലവിലുള്ളവയോട് കൂട്ടിച്ചേർക്കപ്പെട്ട് നികുതി ചുമത്തമ്പോഴോ, വാസഗൃഹങ്ങൾക്ക് 100m2-ന് മുകളിലും, വാണിജ്യ കെട്ടിടങ്ങൾക്ക് 50m2മുകളിൽ വിസ്തീർണം അധികരിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് റവന്യൂവകുപ്പിൽ അടവാക്കിയ ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടവാക്കിയ രസീതിന്റെ പകർപ്പോ,അല്ലായെങ്കിൽ വകുപ്പ് 7പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണം തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ നൽകാവുവെന്ന് അനുശാസിക്കുന്നു. എന്നാൽ പഞ്ചായത്ത് 2022-23 വർഷത്തിൽ നമ്പർ നൽകിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ മേൽ ഉത്തരവിന് വിധേയമായ ഒറ്റതവണ നികുതി അടവാക്കിയതിന്റെയോ, വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ സമർപ്പിച്ചതിന്റെ രേഖയോ ഹാജരാക്കാത്ത ചില കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി കണ്ടെത്തി. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 14/2023- ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷത്തിൽ മേൽ ഉത്തരവിൽ വിവരിക്കുന്ന രേഖകൾ ലഭ്യമാക്കിയശേഷം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് സെക്രട്ടറി ശ്രദ്ധ നൽകേണ്ടതാണ്.

ആയതിന് ഉദാ. ചുവടെ ചേർക്കുന്നു.

A.

| കെട്ടിട നമ്പർ | ഫയൽ നമ്പർ | വിസ്തീർണം | ഉപയോഗക്രമം |
|---|---|---|---|
| 6/201 A | | 43.29 M2 | |
| 6/201 B | SC1/4341/22 | 20.86 M2 | വാണിജ്യം |
| 6/201.c | | 74.28m2 | |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് അന്വേഷണകുറിപ്പ് 14/23 - ന് മറുപടി ലഭ്യമാക്കിയില്ല.വരും വർഷത്തിൽ മേൽ ഉത്തരവിൽ വിവരിക്കുന്ന രേഖകൾ ലഭ്യമാക്കിയശേഷം കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് സെക്രട്ടറി ശ്രദ്ധ നൽകേണ്ടതാണ്.

## 1-10-3 കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യൂപൻസികൾ ഒഴികെ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യൂപൻസി സർട്ടിഫിക്കറ്റികൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. അയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വോഷണ കുറിപ്പ് 8/23 തീയതി 13.11.23 -ന് നൽകിയ മറുപടിയിൽ കെട്ടിടങ്ങളിൽ പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. കെട്ടിടങ്ങളുടെ പൂർത്തീകരണത്തിന് ശേഷം നിയമാനുസരണം പോസ്റ്റ്

ഒക്യുപൻസി ഓഡിറ്റ് നടത്താത്തത് നികുതി ചോർച്ചയ്ക്ക് കാരണം ആകാൻ സാധ്യതയുള്ളതിനാൽ ഉദ്യോഗതലത്തിൽ സ്ക്വാഡ് രൂപീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-4 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പുനഃപരിശോധിക്കണം

A.കേരള പഞ്ചായത്തരാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും വസ്തുനികുതി ചുമത്തേണ്ടത് സെക്രട്ടറിയുടെ നിയമാനുസൃത ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി സെക്ഷൻ 207 പ്രകാരം ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളെയും, 200-ാം വകുപ്പ് (2)-ാം ഉപ വകുപ്പ് പ്രകാരവും ചുമത്തവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

A. പൊതു ആരാധനയ്ക്കായുള്ള കെട്ടിടങ്ങളും,മത പഠന ശാലകളും,

B. സർക്കാർ വകയോ, എയ്ഡഡോ, സർക്കാറിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യസ ആവശ്യങ്ങൾക്ക് അല്ലായെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും,പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങൾ,

C. സർക്കാറിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും,ഹയർസെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾ,

D. രോഗികൾക്ക് സൌജന്യചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ,

E. എല്ലാ പൊതുജനങ്ങൾക്കും പ്രവേശിക്കാവുന്ന ധർമ്മസ്ഥാപനങ്ങൾ,അഗതി ,അനാഥ മന്ദിരങ്ങൾ തുടങ്ങിയവ,

F. പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകൾ,വായനശാലകൾ,

G. പ്രാചീന കെട്ടിടങ്ങൾ,

I. ദഹന സ്ഥലങ്ങൾ

J. തദ്ദേശസ്ഥാപനങ്ങളുടെയും,അനുബന്ധസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ.

K. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വാസസ്ഥലം,

L. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളോ,തദ്ദേശസ്ഥാപനമോ സൌജന്യമായി നൽകിയ കെട്ടിടങ്ങൾ,എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകാം.കൂടാതെ സർക്കാറിനും,സർക്കാറിന്റെ അനുവാദത്തോടെ ഗ്രാമപഞ്ചായത്തിനും ഏത് വിഭാഗത്തിലുള്ള കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കാം.

എന്നാൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ പരിശോധിച്ചതിൽ മേൽ വിഭാഗങ്ങളിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളിൽ നിന്നും നികുതി നാളിതുവരെ ഡിമാൻഡ് ചെയ്യാതെയും വ്യക്തമായ കാരണം രേഖപ്പെടുത്താതെ അത്തരം കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നതായും കണ്ടെത്തി. അപ്രകാരം കണ്ടെത്തിയ ഏതാനും കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണം | ഉപയോഗക്രമം | നികുതി കാലയളവ് |
|---|---|---|---|---|
| 9/6 | ഏഞ്ചൽസ് നേഴ്സറി | 150 M2 | രേഖപ്പെടുത്തിയിട്ടില്ല | 2013മുതൽ |
| 10/1 | മദർ സൂപ്പീരിയർ | 113 M2 | SH.ഡിസ്പൻസറി | ,, |
| 12/33 | ആശുപത്രി (ഉടമയുടെ പേര് ഇല്ല.) | 150 M2 | ആശുപത്രി | ,, |

മേൽ വിവരിച്ച കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി വരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 16/23 – ന് നൽകിയ മറുപടിയിൽ മേൽ വിവരിച്ച കെട്ടിടങ്ങൾ പരിശോധിച്ച് തുടർനടപടി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B.<u>പ്രവേശന മാർഗ്ഗം അനുസരിച്ച് വസ്തുനികുതി വർദ്ധനവ് ഈടാക്കിയിട്ടില്ല.</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7പ്രകാരം (പട്ടിക 2) കെട്ടിടത്തിന് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന വസ്തുനികുതിയുടെ 20% വർദ്ധനവ് ചുമത്തേണ്ടതാണ്.എന്നാൽ സഞ്ചയയിലെ പരിശോധനയിൽ തിരുവനന്തപുരം-വിഴിഞ്ഞം (PWD) റോഡിലേയ്ക്ക് പ്രവേശന കവാടം ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ള വിൻസെന്റ് ജസ്റ്റിൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ സ്ഥിതിചെയ്യുന്ന 4കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന് പ്രസ്തുതയിനത്തിൽ നികുതയിളവ് നൽകുകയും 3 കെട്ടിടങ്ങൾക്ക് വർദ്ധനവ് ചുമത്തുകയും ചെയ്തു. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണം | ഉപയോഗക്രമം | വഴി സൗകര്യം |
|---|---|---|---|
| 2/10 | 1080 M2 | ആഡിറ്റോറിയം | 1.50 മീറ്ററിൽ കൂടുതൽ 5m കുറവുള്ള റോഡ് |

| | | | |
|---|---|---|---|
| 2/11 | 1391 M2 | തിയേറ്റർ | 5 M കൂടുതലുള്ള റോഡ് |
| 2/12 | 45.5 M2 | ,, | 5 M കൂടുതലുള്ള റോഡ് |
| 2/14 | 120 M2 | ,, | 5 M കൂടുതലുള്ള റോഡ് |

2/11, 2/12, 2/14 എന്നീ കെട്ടിടങ്ങൾക്ക് 5 മീറ്റർ വഴി സൗകര്യം എന്ന രീതിയിൽ അടിസ്ഥാന നികുതിയുടെ 20% വർദ്ധനവ് ചുമത്തിയും 1080 M2 വിസ്തീർണമുള്ളതും ആഡിറ്റോറിയം എന്ന ഗണത്തിൽ ഉൾപ്പെട്ടതുമായ 2/10 നമ്പർ കെട്ടിടത്തിന് 1.50 മീറ്ററിൽ കൂടുതൽ 5m-ൽ കുറവ് വഴി സൗകര്യം എന്ന രീതിയിൽ രേഖപ്പെടുത്തി 20% നികുതിയിളവ് 2013 മുതൽ നൽകിയും വരുന്നു. ആയത് പ്രകാരം 2/10 നമ്പർ കെട്ടിടത്തിൽ നിന്നും അടിസ്ഥാന നികുതി (ആഡിറ്റോറിയം -നികുതി നിരക്ക് 40/-43200/-രൂപ) യുടെ 20% കുറവായി ഈടാക്കുന്നതിനാൽ പ്രതി വർഷം 8640/- രൂപ നഷ്ടപ്പെടുന്നതായി കണ്ടെത്തി. ഇപ്രകാരം സംഭവിച്ചുകൊണ്ടിരിക്കുന്ന നികുതി നഷ്ടത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 16/23-ന് നൽകിയ മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ സംഖ്യയോ കാലഹരണപ്പെടുകയും,അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാൽ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസെറ്റിൽ രേഖപെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"- എന്ന സെറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 27/23-ന് മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം പരാമർശിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കീഴിലും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്താതെ വാഹനങ്ങൾക്കായി തുക അനുവദിക്കുന്നത് സർക്കാർ പുറപ്പെടുവിച്ച സർക്കുലറിന്റെ ലംഘനമായി മാറുന്നതിനാൽ തുടർനടപടി സ്ഥീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 ഭരണസമിതി യോഗമിനിട്സ്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം പ്രസിഡന്ററ് അംഗീകരാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി | മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തിയതി |
|---|---|
| 12/4/2022 | 9/5/2022 |
| 16/6/2022 | 4/7/22 |
| 29/6/2022 | 6/8/2022 |
| 23/7/2022 | 31/8/2022 |

ചട്ടപ്രകാരം മിനിട്സുകൾ നിശചിത സമയത്തിനകം അംഗീകരം നൽകാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 41/23-ന് മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകരം നൽകാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.അന്വേഷണകുറിപ്പ് 25/23-ന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ക്രമവിരുദ്ധമായി മുൻകൂർനൽകി-40000/-രൂപ നിരാകരിക്കുന്നു.

ജൈവവൈവിധ്യ നിയമം 2002(സെക്ഷൻ 41)ജൈവവൈവിധ്യ ചട്ടങ്ങൾ ,2004(ചട്ടം 22),കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008(ചട്ടം 20)എന്നിവ പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളും ജൈവ വൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി)രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 18/1//2021-ലെ നം.എ.11/2219/2021 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പൂവ്വാർ ഗ്രാമപഞ്ചായത്തിലെ പൂവ്വാർ തീരത്ത് പരിക്ഷണാടിസ്ഥാനത്തിൽ 200 മീറ്റർ ദൂരം കൈത നട്ടുപിടിപ്പിച്ച് തീരശോഷണം തടയുന്നതിനായി ബോയോഷീൽഡ് നിർമ്മിക്കുന്നതിനും ആയത് സംരക്ഷിക്കുന്നതിന് ജൈവവേലി കെട്ടുന്നതിനും പദ്ധതി രൂപീകരിച്ചതായും,തുക പൂവ്വാർ പഞ്ചായത്തിലെ ബി.എം.സി വഴി നടപ്പിലാക്കുന്നതിന് സെക്രട്ടറിയുടെ പേരിൽ തുടങ്ങുന്ന അക്കൌണ്ടിലേയ്ക്ക് 500000/- രൂപ അനുവദിക്കുമെന്നും അറിയിച്ചു.

പ്രസ്തുത പദ്ധതിയ്ക്ക് പഞ്ചയാത്ത് ഭരണസമിതി 20/9/2021-ലെ 7(2)തീരുമാനപ്രകാരം അംഗീകാരം നൽകി.24/11/2021-ലെ 6(1)-ലെ ഭരണസമിതിയോഗം ആവശ്യപ്പെട്ടത് പ്രകാരം എ.ഇ.തയ്യാറാക്കി നൽകിയ 950000/-രൂപയുടെ എസ്റ്റിമേറ്റ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എസ്റ്റിമേറ്റ് അംഗീകരിച്ചതായും, 200/-രൂപ മുദ്രപത്രത്തിൽ ധാരണാ പത്രം ഒപ്പ് വയ്ക്കണമെന്നും 22/1/2022- ലെ എ11/2219/2021/കെ.എസ് .ബി.എം.സി കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചു. ആയത് പ്രകാരം 29/1/2022-ൽധാരണാ പത്രം ഒപ്പുവച്ചു.ആയത് പ്രകാരം ഒരു നേഴ്സറി പണിത് MGNREGS തൊഴിലാളികളെകൊണ്ട് കൈതത്തൈകൾ പരിപാലിക്കുന്നതിന് തീരുമാനം എടുത്തു.പദ്ധതിയ്ക്കായി സെക്രട്ടറിയുടെ പേരിൽ തുടങ്ങിയ 1700101024941 നമ്പർ അക്കൌണ്ടിലേയ്ക്ക് 1/4/2022-ൽ 500000/-രൂപ ലഭ്യമായി. 7/10/2022-ലെ എ2/3950/21 നമ്പർ കത്ത് പ്രകാരം പദ്ധതിപ്രകാരം നട്ട തൈകൾ സംരക്ഷിക്കുവാൻ മുള്ളുവേലികെട്ടുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സന്തോഷ് കുമാർ എന്ന വ്യക്തിയുമായി 2022 നംബർ 13-ന് മുമ്പ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സെക്രട്ടറി 14/10/2022 -ൽ കരാർ ചമയ്ക്കുകയും ചെയ്തു.

13/10/2022-ൽ കൂടിയ ബി.എം.സി യുടെ അടിയന്തിര യോഗത്തിൽ ക്വട്ടേഷൻ ലഭിച്ച വ്യക്തി മുൻകൂറായി 40000/-രൂപ ആവശ്യപ്പെട്ടതിനാൽ തുക അനുവദിക്കുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം 15/10/2022-ൽ 40000/-രൂപ 000495020595 നമ്പർ ചെക്ക് പ്രകാരം സെക്രട്ടറി അനുവദിച്ച് നൽകി.എന്നാൽ28/4/2023-ൽ കൂടിയ ബി.എം.സി യുടെ മിനിട്സ് പരിശോധിച്ചതിൽ മുൻകൂറായി തുക കൈപ്പറ്റിയിട്ടും മുള്ളുവേലികെട്ടുന്ന പ്രവർത്തി തുടങ്ങാത്തതിനാൽ ടിയാനെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം മുൻകൂർ നൽകിയിട്ടും മുള്ളുവേലിയുടെ നിർമ്മാണം നടത്തിയിട്ടില്ലായെന്ന് ഉറപ്പായതിനാൽ മുള്ളുവേലികെട്ടുന്ന പ്രവർത്തിയ്ക്കായി പ്രസിദ്ധീകരിച്ച ക്വട്ടേഷന്റെ ഒറിജിനൽ ലഭ്യമാക്കാനും,ഉണഭോക്തൃ പ്രവർത്തികൾക്കും,അംഗീകൃത ഏജൻസികൾക്കും അവശ്യമാകുന്ന പക്ഷം അടങ്കൽ തുകയുടെ 20%വരെ മുൻകൂർ നിയമവിധേയമായി അനുവദിക്കാമെങ്കിലും അത്തരം പ്രവർത്തിയുടെ ഗണത്തിൽ ഉൾപ്പെടാത്ത മുള്ളുവേലി കെട്ടുന്ന പ്രവൃത്തിയ്ക്ക് നിയമവിരുദ്ധമായി 40000/-രൂപ(52%അധികം) അനുവദിച്ചതിനും ,ആയത്പ്രകാരം നൽകിയ തുകയും പലിശയും നഷ്ടപ്പെടുത്തിയതിനുള്ള വിശദീകരണവും ലഭ്യമാക്കാനും അന്വേഷണകുറിപ്പ് 22/23-പ്രകാരം ആവശ്യപ്പെട്ടു. ആയതിന് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ അഡ്വാൻസ് തുക നൽകിയത് ബി.എം.സി യുടെ നിർദ്ദേശപ്രകാരമാണെന്ന് അറിയിച്ചു.എന്നാൽ അഡ്വാൻസ് നൽകാൻ കൂടിയ 13/10/2022-ലെ ബി.എം.സി യുടെ യോഗത്തിൽ മുൻകൂർ നൽകുന്നതിലെ നിയമപ്രശ്നം സെക്രടറി രേഖാമൂലം അറിയിച്ചതിന്റെ രേഖപ്പെടുത്തൽ ഇല്ല.മേൽ വിവരിച്ച പ്രവൃത്തിയ്ക്ക് മുൻകൂർ നൽകാൻ അനുവദിനീയമല്ലാത്തതിനാലും,പ്രവൃത്തിയ്ക്ക് ആവശ്യമായ സാധനങ്ങൾ സ്ഥലത്ത് ഇറക്കി എ.ഇ.വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാതെ മുൻകൂർ നൽകാൻ ബി.എം.സി കമ്മിറ്റി എടുത്ത തീരുമാനം അംഗീകരിക്കാവുന്നതല്ല. മുൻകൂർ നൽകിയിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ 40000/-രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-14 ദുരിതാശ്വാസ നിധി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇത്തരത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 25/15.11.2023) ദുരിതാശ്വാസ നിധി രൂപീകരണത്തിനായി ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നുവെന്നും, അക്കൗണ്ടിൽ ഏതൊരുവിധ സാമ്പത്തിക ഇടപാടുകളും നടന്നിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ അക്കൌണ്ടിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല.

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 2,619/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിരിക്കുന്നു (മുന്നിരിപ്പില്ല). എന്നാൽ തുകയുടെ വരവ്, ചെലവിന്റെ വിവരങ്ങൾ രസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി മുഖേന അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളാവുന്നതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 426401/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹിച്ച പദ്ധതികളിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്നവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നമ്പർ (സാംഖ്യ ബിൽ പ്രകാരം) | തിയതി | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 163/23 ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിരനിർമാണം വിഹിതം നൽകൽ | 22020252014300994666 | 04/01/2023 | 200000 | ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൻ & മെമ്പർ സെക്രട്ടറി |
| | | CFC | 04/01/2023 | 150000 | |
| 2 | 160/23 ഐ.കെ.എം വിഹിതം നൽകൽ | 22020252014300687565 | 19/10/2022 | 76401 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം |
| | | | **ആകെ** | **426401** | |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 10 തീയതി: 13/11/23) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകി. മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളുടെ തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-16 ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും ഓവർഹെഡ് ചാർജ് കുറവ് വരുത്തിയില്ല.

1) സർക്കാർ ഉത്തരവ് (പി) നം. 30/2016ധന. തീയതി. 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചക്കാമെന്ന എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃസമിതി വർക്കുകളുടെ ഡാറ്റ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ട്.

2) കൂടാതെ ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.01.2017 മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി. ഒടുക്ക വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം. ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

3) ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികള് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം (സർക്കുലർ നം. 1/1559 /2010/സി.ഇ/ത.സ്വ.ഭ.വ തീയതി 13/11/2014 അനുസരിച്ചുള്ളനടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്

1. (പദ്ധതി നം. 23/2023). Footpath Concretefrom Kallingalvilakam Nursery To Taippalam In Ward 14

| | |
|---|---|
| അടങ്കൽ | 49,000/-CFC |
| ചെലവ് | 48,566/- |
| ബിൽ നം. | 288 തീയതി. 21.02.2023 |
| കൺവീനർ | ശ്രീ. രാജഗോപാൽ |
| | E-M.book |
| പ്രവൃത്തി മൂല്യം | 48,566/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3642/- |

2.(പദ്ധതി നം 22/2023).footpath Concrete From Nursery To Thundathattuplankala-14

| | |
|---|---|
| അടങ്കൽ | 49,000/-CFC |
| ചെലവ് | 45082/- |
| ബിൽ നം. | 287 തീയതി. 21.02.2023 |
| കൺവീനർ | ശ്രീ. സതീശ്. റ്റി. |
| | E-M.book |

| | |
|---|---|
| പ്രവൃത്തി മൂല്യം | 45082/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3381/- |

3. (പദ്ധതി നം. 10/2023). Ayiramthai-vandithottam Nadappatha -Ward4

| | |
|---|---|
| അടങ്കൽ | 49,000/-CFC |
| ചെലവ് | 46,948/- |
| ബിൽ നം. | 308തീയതി.1.3.2023 |
| കൺവീനർ | ശ്രീ.വിൻസെൻറ്. |
| | E-M.book |
| പ്രവൃത്തി മൂല്യം | 46948/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3521/- |

4. (പദ്ധതി നം. 14/2023).thattom Vilakam Pallinada Footpath Concrete -Ward6

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 46,646/- |
| ബിൽ നം. | 290 തീയതി. 21.02.2023 |
| കൺവീനർ | ശ്രീ.മൻസൂർ |
| | E-M.book |
| പ്രവൃത്തി മൂല്യം | 48646/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3648/- |

5. (പദ്ധതി നം. 25/2023).erukkaluvila Beach Road Concrete Ward11

| | |
|---|---|
| അടങ്കൽ | 47,000/-CFC |
| ചെലവ് | 46,843/- |
| ബിൽ നം. | 264 തീയതി. 02.02.2023 |
| കൺവീനർ | ശ്രീ.മുത്തയ്യൻ |
| | E-M.book |
| പ്രവൃത്തി മൂല്യം | 46843/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3513/- |

6. (പദ്ധതി നം. 9/2023).kalathil Keezhathil Footpath Concrete Ward3

| | |
|---|---|
| അടങ്കൽ | 48,000/- |
| ചെലവ് | 45029/- |
| ബിൽ നം. | 432 തീയതി. 29.03.2023 |
| കൺവീനർ | ശ്രീ.വിഷ്ണു നാരായണൻ. |
| | E-M.book |
| പ്രവൃത്തി മൂല്യം | 45029/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3377/- |

7. (പദ്ധതി നം. 15/2023).poomugham Thattam Vilakam Footpath Concrete Ward6

| | |
|---|---|
| അടങ്കൽ- | 49,000/- |
| ചെലവ് | 48608/- |
| ബിൽ നം. | 289 തീയതി. 21.02.2023 |
| കൺവീനർ | ശ്രീ. നിജിൻ .എം.ജെ |
| | E-M.book |
| പ്രവൃത്തി മൂല്യം | 48608/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3645/- |

8. (പദ്ധതി നം. 19/2023).mother Theresa Nagarfootpath Concrete Ward10

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 48979/- |
| ബിൽ നം. | 318 തീയതി. 06.03.2023 |
| കൺവീനർ | ശ്രീ. അലക്സാണ്ടർ.വൈ |
| | E-M.book |
| പ്രവൃത്തി മൂല്യം | 48979/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3673/- |

9. (പദ്ധതി നം. 11/2023).vandithottam Kuruthalivila Nadapatha Concrete Ward4

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 48878/- |
| ബിൽ നം. | 307 തീയതി. 01.03.2023 |
| കൺവീനർ | ശ്രീ. സുരേഷ് കുമാർ |
| | E-M.book |
| പ്രവൃത്തി മൂല്യം | 48878/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3665/- |

10. (പദ്ധതി നം. 20/2023)valiyavila Footpath Concrete Ward10

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 47982/- |
| ബിൽ നം. | 309 തീയതി. 01.03.2023 |
| കൺവീനർ | ശ്രീ. അഖിൽ അലക്സാണ്ടർ. |
| | E-M.book |
| പ്രവൃത്തി മൂല്യം | 47982/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%VAT+2.5%excessOH) | 3598/- |

11. (പദ്ധതി നം. 8/2023) Kakkara Mannakkal Footpath Concrete Ward3.

| | |
|---|---|
| അടങ്കൽ | 48000/- |
| ചെലവ് | 44878/ |
| ബിൽ നം. | 384 തീയതി. 26.3.23 |
| കൺവീനർ | ശ്രീ. സനീഷ്.എസ് |
| | E-M.book |
| പ്രവൃത്തി മൂല്യം | 44878/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5% VAT+ 2.5% Excess OH) | 3365/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 9/13.11.23) തുടർന്നുള്ള ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ മേൽ നിർദ്ദേശം പാലിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കോൺട്രാക്ടറെ ഒഴിവാക്കിയതുമൂലം അധികം തുക നല്കേണ്ടി വന്നത്- പഞ്ചായത്തിന് അധിക ബാധ്യത

പ്രോജക്ട് നമ്പർ, പേര് – SO/99-23, ഡ്രയിനേജ് വർക്ക്-കല്ലീംഗവിളാകം റോഡ്

അടങ്കൽ തുക – 6,20,000/- (മെയിന്റനൻസ് ഫണ്ട്)

(വാർഡ് 13)

ആകെ വേലമൂല്യം- 5,52,259/- (മെയിന്റനൻസ് ഫണ്ട്)

ചെലവ് തുക, ബിൽ തുക-618530/-, 92/23.08.22

കോൺട്രാക്ടർ-കുമാർ.ജെ

എംബുക്ക് നമ്പർ-582/21-22

കല്ലിംഗവിളാകം റോഡിലെ ഡ്രെയിനേജ് വർക്ക് എന്ന പ്രോജക്ട് ഇ-ടെണ്ടർ ചെയ്ത് കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. വിൽഫ്രഡ് രാജ്.ഡി, മൈലാഡി വീട്, കുളത്തൂർ (Agreed PAC -4,49857) ന് വർക്ക് കൊടുക്കാതെ 0.01% കുറവ് ക്വാട്ട് ചെയ്ത ശ്രീ.കുമാർ.ന് ടെണ്ടർ നല്കി.ഇതുമായി ബന്ധപ്പെട്ട കംപാരിറ്റീവ് പട്ടിക, കുമാർ സമർപ്പിച്ച പ്രൈസ് ഷെഡ്യൂൾ, കുറവ് ക്വാട്ട് ചെയ്ത കോൺട്രാക്ടറെ ഒഴിവാക്കാനുള്ള കാരണം, കമ്മിറ്റി തീരുമാനം ഇവ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/16.11.2023 ന് മറുപടിയായി ഇ-ടെണ്ടറിൽ ഒരു കോൺട്രാക്ടർ മാത്രമെ പങ്കെടുത്തിട്ടുള്ളൂവെന്നും റീടെണ്ടറിലും ഒരാൾ മാത്രമായതിനാൽ മാനുവൽ ക്വട്ടേഷൻ നടപടി സ്വീകരിച്ചാണ് കോൺട്രാക്ടറെ തെരഞ്ഞെടുത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്. മാനുവൽ ടെണ്ടർ പ്രകാരം 1,02,402/- രൂപ അധികം നല്കേണ്ടി വരുമെന്നതിനാൽ ഇ-ടെണ്ടർ പ്രകാരം കുറവ് ക്വാട്ട് ചെയ്ത കരാറുകാരനെ പരിഗണിച്ചിരുന്നുവെങ്കിൽ 1,02,402/- രൂപയുടെ അധിക ചെലവ് പഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

എച്ച്.എം. നിർവഹിച്ച പദ്ധതികളിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്നവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നമ്പർ (സാംഖ്യ ബിൽ പ്രകാരം) | തിയതി | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 191/23 എസ്.എസ്.എ വിഹിതം നൽകൽ | 110/12.09.22 | 16/09/2022 | 200000 | പ്രോജക്ട് കോ ഓഡിനേറ്റർ, പാറശ്ശാല BRC |
| 2 | 181/23 എസ്.എസ്.എ. വിഹിതം നൽകൽ (58) | 113/12.09.22 | 12/9/2022 | 200000 | പ്രോജക്ട് കോ ഓഡിനേറ്റർ |
| | | | **ആകെ** | **400000** | |

ഓഡിറ്റ് എൻക്വയറി നം. 45/20.11.23 ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 അജൈവ മാലിന്യ സംസ്കരണം -ഹരിതകർമസേനയുടെ പ്രവർത്തനാവലോകനം

കേരളം നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളിലൊന്നാണ് മാലിന്യ സംസ്കരണം. പൊതു ജനപങ്കാളിത്തത്തോടെ അജൈവ മാലിന്യ സംസ്കരണം ശരിയായി നിർവഹിക്കപ്പെടുന്നതിനാണ് ഹരിത കർമസേന രൂപീകരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വീടുകളും വ്യാപാര സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും ഈ പ്രവർത്തനത്തിൽ പങ്കാളികളാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല പഞ്ചായത്തിനുണ്ട്. യൂസർഫീ ഇനത്തിലെ തുക വാർഡ് മെമ്പർമാരുടെ സഹായത്തോടെ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അജൈവമാലിന്യം തരം തിരിച്ച് നൽകാത്ത വ്യാപാരസ്ഥാപനങ്ങൾ, വീടുകൾ എന്നിവയ്ക്ക് നോട്ടീസ് നൽകിയിട്ടില്ല. വാർഡ് മെമ്പർമാരുടെയും ഹരിതസഹായ ഏജൻസിയുടെയും സഹായത്തോടെ ആവശ്യമായ ബോധവത്കരണം നടത്തേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

1) പുന:ചംക്രമണ യോഗ്യമായവയും അല്ലാത്തവയുമായ അജൈവ മാലിന്യം കളക്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്ലീൻ കേരളയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല.

2)ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഹരിത സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. പ്രോജക്ട് നം : 253/23 പ്രകാരം നിയോ എനർജി എന്ന സ്ഥാപനത്തിന് 129765/- രൂപ നൽകിയിട്ടുണ്ട്. അജൈവമാലിന്യ സംഭരണ കേന്ദ്രം പഞ്ചായത്ത് ക്രമീകരിച്ച് നൽകിയിട്ടുണ്ടെങ്കിലും സംഭരിക്കുന്ന വസ്തുക്കൾ ക്ലീൻകേരള എടുത്തുകൊണ്ടു പോകുന്നില്ല. ആയതിനാൽ ആർ.ആർ.എഫ് ലും എം.സി.എഫ് ലും അജൈവമാലിന്യം കുന്നുകൂടി കിടക്കുന്നു. ഇതിലൂടെ ഹരിതകർമസേനയുടെ ലക്ഷ്യത്തിന് വിപരീതഫലമാണ് സംജാതമാകുന്നത്. വി.ഇ.ഒ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2022-23 സാമ്പത്തിക വർഷം ക്ലീൻകേരള കളക്ട് ചെയ്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | കളക്ട് ചെയ്ത അജൈവമാലിന്യം (KG) |
|---|---|
| 06/07/22 | 695.900 |
| 26/10/22 | 1350 |
| 13/01/23 | 1192 |

| | |
|---|---|
| 20/01/23 | 645 |
| 12/03/23 | 761 |

അഞ്ച് ദിവസം മാത്രമാണ് 2022-23 ൽ ക്ലീൻ കേരള അജൈവമാലിന്യം കളക്ട് ചെയ്തിട്ടുള്ളത്. എല്ലാ മാസവും കൃത്യമായ ഇടവേളകളിൽ ക്ലീൻകേരള അജൈവമാലിന്യം എടുക്കാത്തതിനാലാണ് എം.സി.എഫുകളിൽ ഇവ കെട്ടിക്കിടക്കുന്നത്. 12-ാം വാർഡിൽ രണ്ട് ശ്മശാനത്തിലായി ഇവ കൂട്ടി ഇട്ടിരിക്കുന്നു. ക്ലീൻ കേരള കരാർ പ്രകാരമുള്ള പ്രവൃത്തി നിർവഹിച്ചിട്ടില്ലെങ്കിൽ ആയതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും മറ്റു സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ക്ലീൻകേരളയ്ക്ക് ഇതു സംബന്ധിച്ച് രേഖാമൂലം കത്തു നൽകിയിട്ടുണ്ടോയെന്നും ഓഡിറ്റ് എൻക്വയറി (നം: 29 തീയതി: 16/11/23) മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയില്ല. ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം ലഭ്യമാക്കിയിട്ടും മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിച്ചിട്ടില്ല.

3) ശുചിത്വമിഷൻ ഫണ്ട് വിനിയോഗം സംബന്ധിച്ച് 26/ഡി.സി 1/2021/ത.സ്വ.ഭ.വ, തീയതി 08/02/21 നമ്പർ സർക്കുലറും, സ.ഉ (സാ.ധാ.) 18/21/ ത.സ്വ.ഭ.വ തീയതി: 04/01/21 നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഗാർഹിക തലം ,പൊതുതലം, സ്ഥാപനതലം എന്നിങ്ങനെ ക്യാമ്പയിൻ, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണവും, മതിയായ ഏകോപനവും ഉറപ്പാക്കി യോജിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, ആരോഗ്യ ശുചിത്വ പോഷക സമിതി ചെയർമാൻ, കൺവീനർമാർ, അംഗങ്ങൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, കുടുംബശ്രീ, സാക്ഷരതാ പ്രേരക്, വാർഡിലെ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് കർമ്മപദ്ധതി തയ്യാറാക്കി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ശുചിത്വമിഷൻ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ടും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയുടെ നിർവ്വഹണത്തിനായും ഇത്തരം പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

4) മാലിന്യ സംസ്കരണത്തിന് നൂതന മാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വളരെയധികം പ്രാധാന്യം നൽകിക്കൊണ്ട് ഹരിതകേരളം മിഷനുമായി ചേർന്ന് സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ നിർമാർജനം പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ഭരണസമിതിയും വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല.

5) ഹരിത സഹായ സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാർ പ്രകാരമുള്ള ചുമതലകൾ ചുവടെ ചേർക്കുന്നു.

A) സമഗ്ര മാലിന്യ സംസ്കരണ വിശദാംശ രേഖ തയ്യാറാക്കുക.

B)ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുക.

C) ശുചിത്വമാലിന്യ സംസ്കരണം അവസ്ഥാ വിശകലന റിപ്പോർട്ട് പ്രായോഗിക കർമപരിപാടി എന്നിവ കരാർ ചമച്ച് 30 ദിവസത്തിനകം നൽകുക.

D) മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ ഉപയോഗിച്ച് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനപരിപാടി തയ്യാറാക്കുകയും നടത്തിപ്പിനാവശ്യമായ സഹായം ചെയ്യുക.

E) അജൈവമാലിന്യം എം.സി.എഫ്, ആർ.ആർ.എഫ് എന്നിവിടങ്ങളിൽ നിന്ന് സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ നൽകുക.

F) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപെടുന്ന ജലാശയങ്ങളുടെ ശുചിത്വാവസ്ഥ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുകയും മലിനീകരണം തടയുന്നതിനുള്ള കർമപദ്ധതി തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും സാങ്കേതിക നേതൃത്വം നൽകുകയും ചെയ്യുക.

A) മുതൽ F) വരെ സൂചിപ്പിച്ചിട്ടുള്ളവയിൽ ഹരിത സഹായസ്ഥാപനം നിർവഹിച്ചിട്ടുള്ള പ്രവർത്തനത്തിന്റെ വിവരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഹരിത സഹായ സ്ഥാപനത്തിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം മേൽ പ്രവർത്തനങ്ങൾ നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഹരിതകർമസേന അംഗങ്ങൾ, നിർവഹണോദ്യോഗസ്ഥർ, ജനപ്രതിനിധികൾ, എന്നിവരുടെ നേതൃത്വത്തിൽ ഓരോ വാർഡിലും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ക്ലീൻ കേരള കൃത്യമായ ഇടവേളകളിൽ തരം തിരിച്ച അജൈവമാലിന്യം കൊണ്ടു പോകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രാധാന്യം നൽകേണ്ടതാണ്. കൂട്ടായ പ്രവർത്തനത്താൽ പഞ്ചായത്ത് പ്രദേശം മുഴുവനും മാലിന്യവിമുക്ത പ്രദേശമാക്കി മാറ്റാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത്, കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ലാപ്ടോപ്പ് വാങ്ങൽ- 2% GST സ്രോതസ്സിൽ നിന്നും ഈടാക്കിയില്ല

H.M. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ 2% GST ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ (നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും 2% GST ഈടാക്കിയിട്ടില്ല (SGST-1%,CGST-1%). CGST, 2017 വകുപ്പ് 51(1)(d) പ്രകാരം ഗവൺമെന്റ് വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും സേവനങ്ങൾ സപ്ളൈ ചെയ്യുന്ന കരാറുകാർക്ക് 2.5 ലക്ഷം രൂപയിൽ കൂടുതൽ ബിൽ തുക നൽകുകയാണെങ്കിൽ 2% GST സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. G.O(P)No:162/2018 /Fin;22.10.2018 മുഖേന ഇപ്രകാരം ഈടാക്കിയ നികുതി അടവാക്കുന്ന നിർദ്ദേശങ്ങളും സർക്കാർ നൽകിയിരുന്നു. ചുവടെ ചേർക്കുന്ന വാങ്ങലിൽ നിന്നും GST ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/16.11.23) മറുപടി ലഭിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവരങ്ങളും ജി.എസ്.ടി ഒടുക്കാത്തതിന്റെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | കരാറുകാരുടെ വിവരം | ബിൽ വിശദാംശം |
|---|---|---|---|
| 1. | 121/23, Purchase Of Laptop For Sc Students | Ideal Computers, Kannadi, Palakkad | 415456/bill No. 04/22 Dtd 7/12/22. |

## 1-21 ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29/07/2009-ലെ ജി.ഒ. (എം.എസ്) നമ്പർ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ച്കൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ടോ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40/20.11.2023) സർക്കാരിന്റെ ഉത്തരവിൽ 25 കുട്ടികളെങ്കിലും ഇല്ലാതെ ബഡ്സ് സ്കൂൾ തുടങ്ങാൻ പാടില്ലായെന്നും പൂവാർ പഞ്ചായത്തിൽ 10 ലും താഴെയായിരുന്ന കുട്ടികളുടെ എണ്ണം എന്നും നിലവിൽ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരവും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ സ്നേഹസ്പർശം തുടങ്ങിയ പ്രോജക്ടുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരവും ലധികം പേർനിലവിൽ ഗുണഭോക്താക്കളായി ഉണ്ടെന്നാണ് വ്യക്തമാകുന്നത്.

കൂടാതെ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി S0036/2022 നമ്പർ പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ തുടർപ്രവർത്തനങ്ങൾക്കായി 5,87,640/- രൂപ ചെലവഴിച്ചതായും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം (320300199 ഗ്രാന്റ്സ്/ ഫണ്ട്സ് /കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ്- അദർ ഗവ. ഏജൻസീസ്) ബഡ്സ് സ്കൂളിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 12,50,000/- രൂപ ലഭ്യമായതായതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ബഡ്സ് സ്കൂളിന്റെ നടത്തിപ്പിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി മുൻവർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുള്ളതായും നടത്തിപ്പിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമായതായും വ്യക്തമാണ്. എന്നാൽ കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 12,08,360/- രൂപ തിരികെ അടവാക്കിയതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമാക്കി.

17.03.2022 ലെ 6- ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം സ്കൂൾ തുറന്ന് പ്രവർത്തനമാരംഭിക്കുന്നതുമായും തുടർ നടത്തിപ്പുമായും ബന്ധപ്പെട്ട വിഷയം അടിയന്തിരമായി ചർച്ച ചെയ്ത് പഞ്ചായത്തിന് ശുപാർശ ലഭ്യമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരമൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 40/20.11.2023).

പദ്ധതി, സബ്സിഡി മാർഗരേഖയിലെയും നിർദ്ദേശങ്ങളും ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിച്ച് ഗ്രാമപ്രദേശത്തെ ഭിന്നശേഷിക്കാർക്കായി ബഡ്സ് സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-22 മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ലാപ് ടോപ് വിതരണം – TDS ഈടാക്കാതെ തുക നൽകി

പ്രോജക്ട് നം : 70/23 (SO), മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ലാപ് ടോപ് വിതരണം

അടങ്കൽതുക : Rs. 4,80,000/- (പൊതുവിഭാഗം സാധാരണ വിഹിതം

ചെലവ് തുക : Rs. 4,54,740/-(പൊതുവിഭാഗം സാധാരണ വിഹിതം

ബിൽ നം. (ട്രഷറി ബിൽ ബുക്ക് പ്രകാരം) : 2/23 : തീയതി 13/09/22

നിർവഹണം : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

CGST Act 2017 Sec.51 പ്രകാരം രണ്ടര ലക്ഷത്തിനുമുകളിലുള്ള പർച്ചേസിന് നികുതികിഴിച്ചുള്ള തുകയ്ക്ക് 2% TDS പിടിക്കണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. ആയതുപ്രകാരം നികുതികിഴിച്ചുള്ള 385372.88 രൂപയുടെ 2% തുകയായ 7707.45 രൂപ TDS ഇനത്തിൽ ഡിഡക്ട് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 21 തീയതി: 16/11/23) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃതമായ TDS ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം - സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടപ്പിലാക്കി

പ്രോജക്ട് നം. 271/23 ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം

അടങ്കൽ – 48000/-
ചെലവു തുക - 48000/- (തനതു ഫണ്ട്)
നിർവഹണം - സെക്രട്ടറി

1) ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് ചികിത്സ സഹായം എന്ന പ്രോജക്ടിന്റെ നിർവഹണത്തിനായി 25/03/23 ന് തനതു ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് 48000/- രൂപ നൽകിയിട്ടുണ്ട്.

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖ.7.6.7 പ്രകാരം ജില്ലാ പഞ്ചായത്ത് ഇത്തരം പ്രോജക്ട് ഏറ്റെടുക്കാൻ പാടില്ല. ബ്ലോക്ക്/ജില്ലാ പഞ്ചായത്തു വിഹിതം കൂടി സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്താണ് പ്രോജക്ട് നടപ്പിലാക്കേണ്ടത്. വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്.

പ്രോജക്ട് പ്രകാരമുള്ള ചികിത്സാ സഹായം പൂവാർ ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് ലഭ്യമായവരുടെ പേരു വിവരം ലഭ്യമാക്കണമെന്നും ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിനു തുക നൽകിയതിനു വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 04 തീയതി: 10/11/23) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും, പഞ്ചായത്തിലെ ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ വിവരം നിലവിൽ ലഭ്യമല്ലായെന്നും അറിയിച്ചു. മാർഗ്ഗരേഖ അനുസരിച്ച് വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം എന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും നേരിട്ട് മെഡിക്കൽ ഓഫീസർ മുഖേന നടപ്പിലാക്കേണ്ടതാണ്. എന്നാൽ പദ്ധതിയ്ക്കായി തുക കൈമാറാൻ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പദ്ധതി ജില്ലാ പഞ്ചായത്തിനെ നിർവഹണം നടത്താൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് രേഖപ്പെടുത്തിയിട്ടില്ല. സംയുക്ത പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തീരുമാനം എടുക്കുന്നതിന് ജില്ലാ വകുപ്പ് മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്തയോഗം ജില്ലാ ആസൂത്ര സമിതി വിളിച്ച് കൂട്ടേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, വിനിയോഗവിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

89/23 നമ്പർ പ്രത്യേക കന്നുകുട്ടി പരിപാലനം (വനിത) എന്ന പദ്ധതിയ്ക്കായി പ്ലാൻഫണ്ടിൽ നിന്നും 250000/- രൂപയും മറ്റുള്ളവ എന്നയിനത്തിൽ 250000/-രൂപയും ഉൾപ്പടെ 500000/- രൂപ അടങ്കൽ വകയിരുത്തി അംഗീകാരം നേടി.ആയത് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി 250000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, SLBP തിരുവനന്തപുരം എന്ന അഡ്രസിലേയ്ക്ക് ചുവടെ വിവരിക്കുന്ന ബില്ലുകൾ പ്രകാരം നിർവഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ നൽകി.

| ബിൽ നമ്പർ, തീയതി | തുക |
|---|---|
| 1/22-23 | 250000/- |
| **ആകെ** | **250000/-** |

പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 36/23 -ന് നൽകിയ

മറുപടിയിൽ 250000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി SLBP ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും 250000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ

2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം 2021-22

ഖണ്ഡിക 1-18

പരാമർശം - എസ്.ബി.ഐ പൂവാർ ബ്രാഞ്ചിലെ 57048287906 എന്ന നമ്പറിലുള്ള അക്കൗണ്ടിൽ 1,82,690/- രൂപ അവശേഷിച്ചിട്ടുള്ളതായും 28.02.2022-ലെ ഭരണസമിതി യോഗം തീരുമാനം നമ്പർ (1) ആയി ഈ അക്കൗണ്ട് ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരുന്നു.

മറുപടി - ഈ തുക ഏത് ഇനത്തിൽ ലഭിച്ചതെന്ന് അറിയുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നും, ഭരണസമിതി തീരുമാനപ്രകാരം അക്കൗണ്ട് അടിയന്തിരമായി കാലികമാക്കുന്നതാണ്.

ഖണ്ഡിക 1-19 പരാമർശം - ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് 14/02/2014 ൽ 8,84,944/- രൂപ മുതലിനത്തിൽ അടയ്ക്കുന്നതിനായി ബാങ്കിൽ നൽകിയത് 2,11,515/- രൂപ മുതലിനത്തിലും 6,73,429/- രൂപ പലിശയിനത്തിലും അടവാക്കിയിരിക്കുന്നു. ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് - അധികം അടവാക്കിയ തുക സഹകരണ ബാങ്കിൽ നിന്നും ഈടാക്കേണ്ടതാണ്.

മറുപടി - അപാകത പരിഹരിക്കുന്നതിന് നിരവധി കത്തുകൾ സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ളതാണ്. തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നു.
ഓഡിറ്റ് റിപ്പോർട്ടിലെ ഗൗരവമേറിയ പരാമർശങ്ങൾ അടിയന്തിരമായി തീർപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഹോംകോയിൽ നിന്നും 415136/- രൂപയുടെ ഹോമിയോ മെഡിസിൻ ലഭ്യമാകാനവശേഷിക്കുന്നു.

പ്രോജക്ട് നം. : 52/23
അടങ്കൽ : 800000/- രൂപ (മെയിന്റനൻസ് ഫണ്ട് നോൺറോഡ്)

ചെലവു തുക : 800000/- രൂപ

ബിൽ നം./തീയതി : 254/25.01.2023

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ മെഡിസിൻ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് (ഹോംകോ) മേൽ സൂചിപ്പിട്ടുള്ള ബിൽ പ്രകാരം 800000/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 384864/- രൂപയുടെ മെഡിസിനാണ് ലഭ്യമായത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1 തീയതി: 13/11/2023) ബാക്കി മെഡിസിൻ ലഭ്യമായിട്ടില്ല എന്നറിയിച്ചു. ബാക്കി 415136/- രൂപയുടെ മെഡിസിൻ ലഭ്യമാകുന്ന മുറയ്ക്ക് മരുന്ന് സ്റ്റോക്കിലെടുത്ത രേഖകൾ ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

## 1-27 പൊതു ടാപ്പുകളുടെ വെള്ളക്കരം - അടവാക്കിയ തുക ഡിമാന്റിൽ കുറവു വരുത്തിയിട്ടില്ല.

പ്രോജക്ട് നം. : 213/23 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ
അടങ്കൽ : 860000/- (തനത് ഫണ്ട്)
ചെലവു തുക : 860000/- (തനതു ഫണ്ട്)
നിർവ്വഹണം : സെക്രട്ടറി

2022-23 സാമ്പത്തിക വർഷത്തെ വെള്ളക്കരം ഡിമാന്റ് വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ബിൽ തുക | ഒടുക്കു വരുത്തിയ തുക |
|---|---|---|
| 04/2022 മുതൽ 02/2023 വരെ (11 മാസം) | 68491 * 11= 753401/- രൂപ | |
| 03/23 | 172282/- രൂപ | |
| **ആകെ** | **925683/-** | |

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ അടവാക്കിയ തുകകൾ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. 2022 ഏപ്രിൽ

മാസത്തെ ബിൽ പ്രകാരം 31/03/2022 വരെയുള്ള കുടിശിക ഡിമാന്റ് 12,60,182/- രൂപയാണ്. 142 ടാപ്പുകൾക്ക് ഓരോ മാസവും 68491/- രൂപ നിരക്കിൽ 2/2022 വരെയും 172282/- രൂപ 3/2023 ലും ഡിമാന്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകകൾ പൂവാർ ഗ്രാമപഞ്ചായത്തിന്റെ ഹെഡിൽ വാട്ടർ അതോറിറ്റി വരവായി ഉൾപ്പെടുത്താത്തതിനാൽ ഓരോ മാസത്തെ ബില്ലിലും അടവാക്കിയ തുകകൾ കുടിശികയായി വീണ്ടും ഡിമാന്റ് ചെയ്തിരിക്കുന്നു. ആയതിനാൽ 4/23 ലെ ബില്ലിൽ 31/03/2023 വരെ 2611754/- രൂപ കുടിശിക ഡിമാന്റ് ചെയ്തിരിക്കുന്നു. മുൻ വർഷങ്ങളിലും ഇപ്രകാരം സംഭവിച്ചിട്ടുണ്ടാകാം. ആയതിനാലാണ് 31/3/22ൽ കുടിശിക ഡിമാന്റ് ചെയ്തിരിക്കുന്നത്. ഇതു സംബന്ധിച്ച് തുക അടവാക്കിയതിന്റെ UTR വിവരം ഉൾപ്പെടുത്തിക്കൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും അടവാക്കിയ തുക കുറവു ചെയ്തു നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 11 തീയതി 13/11/2023) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ കുടിശിക ഇല്ലായെന്നാണ് അറിയിച്ചത്. ഇപ്രകാരമുള്ള അപാകതകൾ യഥാസമയം പരിഹരിച്ചില്ലെങ്കിൽ ഭാവിയിൽ പഞ്ചായത്തിന് കൂടുതൽ ബാധ്യത ഉണ്ടാകാനിടയുണ്ട്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി നേരിട്ട് ബന്ധപ്പെട്ട് അടവാക്കിയ തുക പൂർണമായും അരിയറിൽ നിന്നും ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്രമവിരുദ്ധമായി മുൻകൂർ നൽകി - 40000/- രൂപ നിരാകരിക്കുന്നു.പരിപാലനത്തിന്റെ ചെലവുവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജൈവവൈവിധ്യ നിയമം 2002 (സെക്ഷൻ 41) ജൈവവൈവിധ്യ ചട്ടങ്ങൾ, 2004(ചട്ടം 22),കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 (ചട്ടം 20) എന്നിവ പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളും ജൈവ വൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി) രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 18/1/2021-ലെ നം.എ.11/2219/2021 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പൂവ്വാർ ഗ്രാമപഞ്ചായത്തിലെ പൂവ്വാർ തീരപ്രദേശത്ത് പരീക്ഷണാടിസ്ഥാനത്തിൽ 200 മീറ്റർ ദൂരം കൈതചെടി നട്ടുപിടിപ്പിച്ച് തീരശോഷണം തടയുന്നതിനായി ബയോഷീൽഡ് നിർമ്മിക്കുന്നതിനും ആയത് സംരക്ഷിക്കുന്നതിന് ജൈവവേലി കെട്ടുന്നതിനും പദ്ധതി രൂപീകരിച്ചതായും, തുക പൂവ്വാർ പഞ്ചായത്തിലെ ബി.എം.സി. വഴി നടപ്പിലാക്കുന്നതിന് സെക്രട്ടറിയുടെ പേരിൽ തുടങ്ങുന്ന അക്കൗണ്ടിലേയ്ക്ക് 5,00,000/- രൂപ അനുവദിക്കുമെന്നും ബി.എം.സി. മീറ്റിംഗിൽ ആവശ്യപ്പെട്ടു.

പ്രസ്തുത പദ്ധതിയ്ക്ക് പഞ്ചയാത്ത് ഭരണസമിതി 20/9/2021-ലെ 7(2) തീരുമാനപ്രകാരം അംഗീകാരം നൽകി. 24/11/2021-ലെ 6(1)-ലെ ഭരണസമിതിയോഗം ആവശ്യപ്പെട്ടത് പ്രകാരം എ.ഇ. തയ്യാറാക്കി നൽകിയ 9,50,000/- രൂപയുടെ എസ്റ്റിമേറ്റ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗീകരിച്ചതായും, 200/- രൂപ മുദ്രപത്രത്തിൽ ധാരണാ പത്രം ഒപ്പ് വയ്ക്കണമെന്നും 22/1/2022- ലെ എ11/2219/2021/ കെ.എസ്.ബി.എം.സി കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചു. ആയത് പ്രകാരം 29/1/2022-ൽ ധാരണാ പത്രം ഒപ്പുവയ്ക്കുകയും ഒരു നേഴ്സറി പണിത് MGNREGS തൊഴിലാളികളെകൊണ്ട് കൈതത്തൈകൾ പരിപാലിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു. പദ്ധതിയ്ക്കായി 5,00,000/- രൂപ ലഭ്യമായി. ആയതിന്റെ അക്കൗണ്ടിംഗ് സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല. 7/10/2022-ലെ എ2/3950/21 നമ്പർ കത്ത് പ്രകാരം പദ്ധതിപ്രകാരം നട്ട തൈകൾ സംരക്ഷിക്കുവാൻ മുള്ളുവേലികെട്ടുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സന്തോഷ് കുമാർ എന്ന വ്യക്തിയുമായി 2022 നംബർ 13-ന് മുമ്പ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സെക്രട്ടറി 14/10/2022 -ൽ കരാർ ചമയ്ക്കുകയും ചെയ്തു.

13/10/2022-ൽ കൂടിയ ബി.എം.സി യുടെ അടിയന്തിര യോഗത്തിൽ ക്വട്ടേഷൻ ലഭിച്ച വ്യക്തി മുൻകൂറായി 40000/- രൂപ ആവശ്യപ്പെട്ടതിനാൽ തുക അനുവദിക്കുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം 15/10/2022-ൽ 40,000/- രൂപ 000495020595 നമ്പർ ചെക്ക് പ്രകാരം ( ILGMS ലെ "കാനറാബാങ്ക് ബയോഡൈവേഴ്സിറ്റി 110042983781" അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം) സെക്രട്ടറി അനുവദിച്ച് നൽകി. എന്നാൽ 28/4/2023-ൽ കൂടിയ ബി.എം.സി യുടെ മിനിട്സ് പരിശോധിച്ചതിൽ മുൻകൂറായി തുക കൈപ്പറ്റിയിട്ടും മുള്ളുവേലികെട്ടുന്ന പ്രവർത്തി തുടങ്ങാത്തതിനാൽ ടിയാനെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം മുൻകൂർ

നൽകിയിട്ടും മുള്ളുവേലിയുടെ നിർമ്മാണം നടത്തിയിട്ടില്ലായെന്ന് ഉറപ്പായതിനാൽ മുള്ളുവേലികെട്ടുന്ന പ്രവർത്തിയ്ക്കായി പ്രസിദ്ധീകരിച്ച ക്വട്ടേഷന്റെ ഒറിജിനൽ ലഭ്യമാക്കാനും, ഗുണഭോക്തൃ പ്രവർത്തികൾക്കും, അംഗീകൃത ഏജൻസികൾക്കും അവശ്യമാകുന്ന പക്ഷം അടങ്കൽ തുകയുടെ 20% വരെ മുൻകൂർ നിയമവിധേയമായി അനുവദിക്കാമെങ്കിലും അത്തരം പ്രവർത്തിയുടെ ഗണത്തിൽ ഉൾപ്പെടാത്ത മുള്ളുവേലി കെട്ടുന്ന പ്രവൃത്തിയ്ക്ക് നിയമവിരുദ്ധമായി 40,000/- രൂപ (52% അധികം) അനുവദിച്ചതിനും, ആയത് പ്രകാരം നൽകിയ തുകയും പലിശയും നഷ്ടപ്പെടുത്തിയതിനുള്ള വിശദീകരണവും ലഭ്യമാക്കാനും അന്വേഷണകുറിപ്പ് 22/23- പ്രകാരം ആവശ്യപ്പെട്ടു. ആയതിന് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ അഡ്വാൻസ് തുക നൽകിയത് ബി.എം.സി യുടെ നിർദ്ദേശപ്രകാരമാണെന്ന് അറിയിച്ചു.എന്നാൽ അഡ്വാൻസ് നൽകാൻ കൂടിയ 13/10/2022-ലെ ബി.എം.സി യുടെ യോഗത്തിൽ മുൻകൂർ നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു അപാകതകളും സെക്രട്ടറി രേഖാമൂലം അറിയിച്ചതിന്റെ രേഖപ്പെടുത്തൽ ഇല്ല. മേൽ വിവരിച്ച പ്രവൃത്തിയ്ക്ക് മുൻകൂർ നൽകാൻ അനുവദിനീയമല്ലാത്തതിനാലും, പ്രവൃത്തിയ്ക്ക് ആവശ്യമായ സാധനങ്ങൾ സ്ഥലത്ത് ഇറക്കി എ.ഇ. വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാതെ മുൻകൂർ നൽകാൻ ബി.എം.സി. കമ്മിറ്റി എടുത്ത തീരുമാനം അംഗീകരിക്കാവുന്നതല്ല. മുൻകൂർ നൽകിയിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ 40,000/- രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക കരാറുകാരനിൽ നിന്ന് 90 ദിവസത്തിനുള്ളിൽ ഈടാക്കുകയോ അല്ലാത്തപക്ഷം ബി.എം.സി. മീറ്റിംഗിൽ (13.10.22) പങ്കെടുത്ത ചുവടെ ചേർക്കുന്ന അംഗങ്ങളിൽ നിന്ന് തുല്യമായി ഈടാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

A. ശ്രീ.ജെ.ലോറൻസ്, ഡ്രീം ലാൻഡ്, പരണിയം, പൂവ്വാർ, പൂവ്വാർ പി.ഒ ഫോൺ-9447495888.

B. ശ്രീമതി.സീനത്ത് ജിസ്റ്റി. തെക്കെത്തെരുവ്, പൂവ്വാർ, പൂവ്വാർ പി.ഒ ഫോൺ-9995253803.

C. ശ്രീ.സുരേഷ് കുമാർ .വി, തമ്പുരു, ചെക്കടി, പൂവ്വാർ, പൂവ്വാർ പി.ഒ ഫോൺ-9995972587.

D. ഷീബ സ്റ്റീഫൻ (സെക്രട്ടറി.) ഉഷസ്, പരണിയം, പൂവ്വാർ പി.ഒ. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൈത തൈകളുടെ പരിപാലനം തൃപ്തികരമല്ല.

ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റയുടെ നേതൃത്വത്തിൽ 300-ലധികം കൈതതൈകൾ നട്ട് പരിപാലിക്കുന്നതിനും വെള്ളം ഒഴിക്കുന്നതിനായും ദിനംപ്രതി 300/- രൂപ നിരക്കിൽ നൽകി വരുന്നു. എന്നാൽ അപ്രകാരം നട്ട കൈതച്ചെടികളിൽ കുറച്ച് സാമൂഹ്യവിരുദ്ധർ നശിപ്പിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ തീരം സംരക്ഷിക്കുന്നതിനായി കൈത തൈകൾ നട്ടിരിക്കുന്നത് കരിങ്കൽ ഭിത്തിയ്ക്ക് കടൽ തീരത്തിനും ഇടയിലാണെന്ന് കണ്ടെത്തി. കൂടാതെ ചെടികൾ വളരുന്നതിനാവശ്യമായ ഫലപ്രദമായ മണ്ണ് ചെടികളുടെ ചുവട്ടിൽ ഇല്ലായെന്നും പൂർണമായും മണൽ പ്രദേശത്താണെന്നും കാണുന്നു. കുറച്ച് കൈത ചെടികൾ ഇളകി കിടക്കുന്നതായും,പരിപാലനം തൃപ്തികരമല്ലായെന്നും കണ്ടെത്തി.എന്നാൽ 2/11/2023-ൽ KSBB (കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്) യുടെ റിസേർച്ച് ആഫീസർ നൽകിയ ഫീൽഡ് പരിശോധന റിപ്പോർട്ടിൽ 300-ലധികം കൈതൈകളിൽ 80% കൈത ചെടികളും ഗ്രീൻപോളി ഫെൻസിങ് ചെയ്ത് സംരക്ഷിച്ച് വരുന്നതായി സർട്ടിഫൈ ചെയ്ത് നൽകിയിട്ടുണ്ട്. കൈതൈകൾ നട്ട് പരിപാലിക്കുന്ന പ്രവൃത്തി തൃപ്തികരമല്ലായെന്ന് വ്യക്തമാകുന്നതും തൽസ്ഥിതി വിവരിക്കുന്നതുമായ ഫോട്ടോകൾ ചുവടെ ചേർക്കുന്നു.ഈ സാഹചര്യത്തിൽ ജൈവവൈവിധ്യബോർഡിൽ നിന്നും ലഭിച്ച 5 ലക്ഷത്തിൽ നിന്നുള്ള ഈ പ്രവർത്തിയ്ക്കായി ചെലവഴിച്ച മുഴവൻ തുകയുടെയും അക്കൗണ്ടിംഗ് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.




പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ലക്ഷ്യപ്രാപ്തി, മുന്നൊരുക്കങ്ങൾ, പ്രദേശത്തിന്റെ ഘടന, അനിവാര്യത എന്നിവ ശരിയാംവിധം അപഗ്രഹിച്ച് അത്തരത്തിൽ യോജിച്ച് പോകുന്നവ നടപ്പിലാക്കി ഫലപ്രാപ്തിയിൽ എത്തിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 157/23 സ്നേഹസ്പർശം | 327750 | 265125 |
| | 119/23 ലൈഫ് എസ് സി അഡിഷണൽ | 800000 | 160000 |
| | 72/23 ലൈഫ് ഭവനപദ്ധതി ജനറൽ | 160000 | 160000 |
| | 84/23 ന്യൂലൈഫ് ലക്ഷം വീട് കോളനി എസ് സി | 40000 | 40000 |
| | 189/23 ക്ഷീരസമൃദ്ധി ജനറൽ | 500000 | 100000 |
| **ആകെ** | | | **725125** |
| ജില്ലാ പഞ്ചായത്ത് | 162/23 ഹരിതഭവനം | 70000 | 21000 |
| | 157/23 സ്നേഹസ്പർശം | 327750 | 265125 |
| | 119/23 ലൈഫ് എസ് സി അഡിഷണൽ | 800000 | 740000 |
| | 72/23 ലൈഫ് ഭവനപദ്ധതി ജനറൽ | 160000 | 30000 |
| | 84/23 ന്യൂലൈഫ് ലക്ഷം വീട് കോളനി എസ് സി | 80000 | 80000 |
| | 189/23 ക്ഷീരസമൃദ്ധി ജനറൽ | 200000 | 100000 |
| **ആകെ** | | | **1236125** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | മുന്നിരിപ്പ് (2021-22, B-4 ഷെഡ്യൂൾ ) | വരവ് | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം ) | നീക്കിയിരിപ്പ് (2022-23, B-4 ഷെഡ്യൂൾ) | നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 3-4 | |
| ബ്ലോക്ക് പഞ്ചായത്ത് | 108300 | 725125 | 833425 | 725125 | 68300 | 108300 | 40000 |
| ജില്ലാ പഞ്ചായത്ത് | 321759 | 1414500 | 1736259 | 1236125 | 143384 | 500134 | -356750 |

നീക്കിയിരിപ്പിലെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല. വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

**ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.**

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭ്യമായ തുക | നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 705123 | 0 | 0 | 705123 |
| കേരള വാട്ടർ അതോറിറ്റി | 566000 | 680469 | 0 | *0 |

*460500201 Advance To Implementing Agencies- KWA എന്ന ലെഡ്ജർ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകയും 6,80,469/- (ആർ പി 49പ്രകാരം ) മുന്നിരിപ്പും കൂടി ഉൾപ്പെടുത്തി , ജേണല്, പേയ്മെന്റ് വൌച്ചറുകൾ മുഖേന ചെലവ് രേഖപ്പെടുത്തി നീക്കിയിരിപ്പ് 0 ആക്കിയിട്ടുണ്ട്. എന്നാൽ വൌച്ചറുകൾക്കാധാരമായ

ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി | സ.ഉ. (എം.എസ്) നം 68/18 ത.സ്വ.ഭ.വ, തീയതി 18/05/2018 | 15913333 | 7740000 | 2736482 | 20916851 |
| *Secured Loan From Co Op Banks | | 211515 | 0 | 0 | 0 |

* Secured Loan From Co-op Banks എന്നയിനത്തിലെ തുക Prior Period Incomes എന്ന ശീർഷകത്തിലുൾപ്പെടുത്തി ജേണൽ വൗച്ചറുകൾ മുഖേന ക്രമീകരിച്ച് നീക്കിയിരിപ്പ് പൂജ്യം ആയി രേഖപ്പെടുത്തിയിരിക്കുന്നു. ജേണൽ വൗച്ചറിന്റെ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക അടവാക്കിയ വ്യക്തി | രസീത് നം., തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-25 | 3733 | ജെനീഷ് (കരാറുകാരൻ) | 1220104214 Dated 22.03.23 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

**റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 21111858 |
| ഓഡിറ്റ് വർഷത്തെ വരവ് | 38315270 |
| ആകെ | 59427128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38859804 |

| | |
|---|---|
| നീക്കിയിരിപ്പ് | 20567324 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **841537** |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 144877792/- രൂപയും ചെലവ് 155951764/- രൂപയുമാണ്.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 40,000 | 10,000 – ശ്രീമതി ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| | | 10,000 – ശ്രീ. ജെ. ലോറൻസ്, വാർഡ് മെമ്പർ, പരണിയം, വാർഡ് – 1 |
| | | 10,000 – ശ്രീമതി.സീനത്ത് ജിസ്റ്റി, വാർഡ് മെമ്പർ, പൂവാർ ഠൗൺ, വാർഡ് – 8 |
| | | 10,000 – ശ്രീ.സുരേഷ് കുമാർ, വാർഡ് മെമ്പർ, കല്ലിംഗവിളാകം, വാർഡ് -14 |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 4,15,136 | ഡോ. ബിന്ദു ജോൺ പുൽപ്പറമ്പിൽ, ഹോമിയോ ഡോക്ടർ |
| 1-15 | 426401 | ശ്രീമതി ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| **ആകെ** | **841537** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1-15 | ശ്രീമതി ഷീബ സ്റ്റീഫൻ, സെക്രട്ടറി | | ഉഷസ്, പരണിയം, പൂവാർ പി.ഒ. |
| 1-26 | ഡോ. ബിന്ദു ജോൺ പുൽപ്പറമ്പിൽ, ഹോമിയോ ഡോക്ടർ | | 63, ഗാംഗ് നഗർ, കമലേശ്വരം, വള്ളക്കടവ് പിഒ, തിരുവനന്തപുരം 695008 |
| 3-1 | ശ്രീമതി ഷീബ സ്റ്റീഫൻ, സെക്രട്ടറി | | ഉഷസ്, പരണിയം, പൂവാർ പി.ഒ. |
| 3-1 | ശ്രീ.ജെ.ലോറൻസ്, വാർഡ് മെമ്പർ, പരണിയം | | ഡ്രീം ലാൻഡ്, പരണിയം, പൂവാർ, പൂവാർ പി.ഒ |
| 3-1 | ശ്രീമതി.സീനത്ത് ജിസ്റ്റി,വാർഡ് മെമ്പർ, പൂവാർ ഠൗൺ | | തെക്കെത്തെരുവ്, പൂവാർ, പൂവാർ പി.ഒ |
| 3-1 | ശ്രീ.സുരേഷ് കുമാർ, വാർഡ് മെമ്പർ, കല്ലിംഗവിളാകം വാർഡ് | | തമ്പുരു, ചെക്കടി, പൂവാർ, പൂവാർ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 1 | 3-3 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 2 | 3-2, 3-5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 3 | 2-2, 3-5(2), 3-5(5) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 0 | റിപ്പോർട്ട് തീർപ്പാക്കി |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 5 | 2-2,3-2,3-6, 3-8,3-10 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 8 | 2-1,2-2,2-3-1, 3-1,3-3, 3-4, 3-5,3-6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 7 | 2-3,2-4,3-2,3-3 ,3-5,3-7,3-8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 14 | 2-5,2-6,2-7,3-1, 3-2,3-3,3-4,3-5, 3-7,3-10,3-11, 3-13,3-19,3-20 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 15 | 2-5,2-6,2-7, 2-10,2-11, 2-12, 2-13,2-14,3-2, 3-3,3-4,3-10, 3-12,3-13,3-14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 11 | 2-1,2-2,2-3, 2-4,2-5,3-3,3-5, 3-6,3-8,3-9, 3-10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1168/2022,തീയതി: 25/10/2022 | 12 | 2-1,2-2,2-3, 2-4(എ),3,4, 2-4(ബി),2-5, 2-6,2-7,2-8, 3-1ബി,3-4,3-5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 110/19, തീയതി:12.07.2019 | 7 | 1-10, 2-2, 2-3 ,2-6, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 1110/2020, തീയതി:4.5.2021 | 16 | 1-11, 1-13, 1-14, 1-17, 1-18, 1-19, 1-20, 1-21, 1-22 , 1-23, 1-24, 1-25, 1-26, 1-27 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 718/2020, തീയതി:22.9.2022 | 29 | 1-1-2, 1-1-3, 1-2, 1-4, 1-10, 1-11, 1-12, 1-13,1-14,1-15, 1-16, 1-17,1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27-1, 1-27-2, 1-28, 1-32, 1-33, 1-34, 1-35, 3-1, 3-2 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 951/2022, തീയതി:29.6.2022 | 33 | - |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി1/ 2219/2022, തീയതി:21.3.2023 | 29 | . |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**തിരുവനന്തപുരം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 29-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Poovar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poovar Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Poovar Grama Panchayat for the Year 2022-2023 .

**1.Major Observations**

Deficit balance for the institution- Expenditure (15,59,51,764/-) exceeds Income (14,48,77,792/-) as per Income & Expenditure Statement.

**2.Other Observations**

1. Mandatory financial statements prescribed in accounting rules are not submitted for audit.

Eg- Notes on accounts, Financial Ratios

2. B-1 schedule (Adjusted performance for the current year)

a. Balance sheet schedule is not submitted for audit.

3. Cash flow statement-Net decrease ( 544534) in cash and cash equivalance does not match with the net cash generated by operating investing and financing activities (-5393532) ..

4. The details of the following accounts are not included in the annual financial statements.

a) Account opened for the purpose of health grant (Account No. 110043056588, date of opening 23.03.2022, no financial transactions)

b) Account Opened for Doorstep Service (Account No 110055401949, date of opening 27.06.2022, No Financial Transactions)

c) A holding account opened with SBI in the name of a Gram Panchayat Secretary (Account No. 41571490872, date of opening 07.01.2023, no financial transactions) for crediting deductions like tax etc. on MGNREGS payments.

5. Cheque deposited - not collected at bank

According to the reconciliation statement(March 2023) of own Fund Account (Account No. SBI 57048217100) there are overdue cheques of Rs.27319/- under the category of cheques deposited but not credited.Action has not been taken to realise the amount.

6. Cheques that have not been cashed more than three months after being issued are not included in the Stale cheque head (SBI Account No 57048217100 forRs 11924/-, No. of cheques ÂÂ 16).

7. Reconciliation process of SBT Literacy Account has not been completed in ILGMS (not done in March 2023)

8. Necessary registers are not maintained to validate the amounts in the annual accounts.

The register of private hospital paramedical institutions and license register which are submitted for audit are not properly maintained.

9. Non disclosure of expenses due- Expenses due such as honorarium for members. Fuel expenses due in the current financial year are not included in balance sheet as provision of expense due (B-9).

10. Negative balance is recorded in Annual Financial statement for the bank account shown in RP40(b).

ie, Nationalized bank account of own revenue fund (account number not available) Credit balance (-962) is recorded as per bank book.

11.The bank statements of the below-listed accounts recorded in RP 40b were not made available for audit.

| Account no. | Clsoing balance (as per RP 40b) |
|---|---|
| Sub Treasury Neyyattinkara (702021400000007) | 8377 |
| Nationalized bank account of own revenue fund | -962 |
| Nationalized bank account of own revenue fund(1) | 49854 |

12. The valuation of stock and stores are not done at the end of the financial year and not included in B-14 Stock in Hand (Inventories).

13. Lapse in making timely demand entries in respect of tax and non tax revenue.

14. The amount spent on creation of assets has not been transferred to the Capital Contribution head.

Ie, The amount spent for construction of assets under Health Grant and Finance Commission Grant has not been transferred to the said head.

15. The amount remaining to be spent in Health grant as per B-17 schedule (232348) is not included as liability in B-4 schedule.

16. Necessary records are not maintained to validate the journal vouchers.

Document validating entry of journal voucher no 42201343/31.03.2023 for Rs Rs 14,85,035/- is not available in ILGMS.
17. No monthly reconciliation is done between the ledger balances and the registers associated with that title.
Eg- Profession tax register
18. The amount of Rs. 134725/- (CFC Fund, Thettikkadu Kalungu kulam Sundarikulam side wall protection Project) given as part bill for capital work, is not included in Capital Work in Progress Schedule [B-11(b)].
19. On examination of the deposit register made available for audit, various types of deposits (eg Suppliers security deposit, Auction deposit etc) included deposits of more than three years. Since the register was not up to date

the exact amount could not be ascertained. Steps should be taken to calculate the amount and add it to the own fund.

20. Timely accounting of funds received through bank accounts are not done.

le, Rs 15,000/- received as income on 28.05.2022 as per bank Statement of SBI Own Fund Account. But it has been booked as receipt in the concerned bank book only on 31.03.2023

(Festival Advance Receipt Voucher No. 1220000214/31.03.2023).

21. Asset register not maintained. Hence the authenticity of amount recorded in balance sheet cannot be verified.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്